Vol. 17. No. 11.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസ പത്രിക.

November 1919.

# പരസ്യം.

## ടി. ലൂയിസ് ആൻഡ് കമ്പനി
## കത്തോലിക് വെയർഹൌസ്
### ബിഗ് ബസാർ സ്ട്രീററ്;
## തൃച്ചിനാപ്പള്ളി.

---

പല നിറത്തിലുള്ള ഒലിയോഗ്രാഫ് പടങ്ങൾ.

കർത്താവിന്റെ തിരുഹൃദയം, പരിശുദ്ധ മറിയം, മാർ യൌസേപ്പ്, തിരുക്കുടുംബം, വി. അന്തോണി, etc etc. ആകിയായി പലനിറത്തിലും വലിപ്പത്തിലുമുള്ള പടങ്ങൾ ഇതുടെ ഇവിടെ കിട്ടിയിരിക്കുന്നു.

| | രൂ. | ണ. | പൈ. |
|---|---|---|---|
| 10×8 വലിപ്പം ഡസൻ ഒന്നിനു | 1 | 0 | 0 |
| 17×12 ,, ,, | 3 | 0 | 0 |
| 20×16 ,, ,, | 6 | 0 | 0 |
| 25×18 ,, എണ്ണം ഒന്നിനു | 1 | 4 | 0 |
| 29×22 ,, ,, | 2 | 0 | 0 |
| പ്രാർത്ഥനപ്പുസ്തകത്തിൽ വയ്ക്കുന്നതിനുള്ള ചെറിയ പടങ്ങൾ 100-ക്കു | 2 | 4 | 0 |
| ചരമവാർത്തകളും മററും അടിക്കുന്നതിനുള്ള പടങ്ങൾ 100-ക്കു | 3 | 0 | 0 |

### വെന്തിഞ്ഞകൾ.

| | | | |
|---|---|---|---|
| കമ്പിളി ഉത്തരീയം 12 ഡസനു | 4 | 12 | 0 |
| ടി. താണതരം ,, | 4 | 4 | 0 |
| നീല ഉത്തരീയം ,, | 6 | 0 | 0 |
| വ്യാകുല ഉത്തരീയം ,, | 5 | 0 | 0 |

### കാശുരൂപങ്ങൾ.

ഉത്തരീയത്തിനു പകരം ഉപയോഗിക്കാവുന്ന ചതുരവും വൃത്തവുമായ അലുമിനീയം കാശുരൂപം

| | | | |
|---|---|---|---|
| ചതുരം ഡസൻ ഒന്നുക്കു | 0 | 12 | 0 |
| വൃത്തം ,, | 0 | 7 | 0 |
| ചതുരം വെള്ളികൊണ്ടുള്ളതു 1-ക്കു | 1 | 4 | 0 |
| വൃത്തം ,, ,, | 0 | 10 | 0 |

പലതരത്തിലുള്ള വലിയ അലുമിനീയം കാശുരൂപങ്ങൾ

| | | | |
|---|---|---|---|
| ചതുരത്തിലുള്ളതു ഡസൻ 1-ക്കു | 0 | 9 | 0 |
| വട്ടത്തിലുള്ളതു — ,, | 0 | 7 | 0 |

### കൊന്തകൾ.

| | | | |
|---|---|---|---|
| ചാരനിറത്തിലുള്ള മേത്തരം കോരക്കരു കൊണ്ടുള്ളതു. ഡസനു | 1 | 12 | 0 |
| ടി. താണതു ,, | 1 | 10 | 0 |
| കറുത്ത കൊന്തക്കരു ,, | 1 | 12 | 0 |
| പളുങ്കുകരു (നാനാവർണ്ണം) ,, | 1 | 10 | 0 |
| മുത്തുച്ചിപ്പി പോലുള്ള കരു (വെളുത്തതും ചുമന്നതും) ,, | 2 | 0 | 0 |
| വ്യാകുലക്കൊന്ത ,, | 5 | 0 | 0 |
| പ. ദിവ്യകാരുണ്യക്കൊന്ത (33 കരുവുള്ളതു്) ,, | 1 | 12 | 0 |

### മുഴച്ചായമിട്ട മണ്ണുരൂപങ്ങൾ.

തിരുഹൃദയം, കന്യകമറിയം, ലൂർദ്ദ് മാതാവ്, വി. അന്തോണി

| | | | |
|---|---|---|---|
| 8 ഇഞ്ചു നീളമുള്ളതു് ഒന്നുക്കു | 2 | 0 | 0 |
| 12 ,, ,, ,, | 4 | 8 | 0 |

### മരക്കുരിശുകൾ.

| | | | |
|---|---|---|---|
| 8 ഇഞ്ചു നീളമുള്ളതു് ഒന്നുക്കു | 1 | 4 | 0 |
| 12 ,, ,, ,, | 2 | 0 | 0 |
| 18 ,, ,, ,, | 3 | 0 | 0 |

നാനാവർണ്ണത്തിലുള്ള പൂക്കളെക്കൊണ്ടു അലംകൃതമായ കാർഡുകളിൽ അച്ചടിച്ചിട്ടുള്ള വേദവാക്യങ്ങൾ.

### സാധാരണയുള്ളതു.

| | | | |
|---|---|---|---|
| 10×8 വലിപ്പത്തിനു ഡസനു | 1 | 4 | 0 |
| 12×10 ,, ,, | 3 | 8 | 0 |

### അസാമാന്യ വിന്യാസമുള്ളതു്.

| | | | |
|---|---|---|---|
| 16×12 വലിപ്പത്തിനു ഡസനു | 4 | 8 | 0 |
| 20×15 ,, ,, | 8 | 0 | 0 |

എല്ലാ സാമാനങ്ങളും വി. പി. ആയിട്ടു അയക്കപ്പെടാവുന്നതാണ്. മുപ്പതു രൂപായ്ക്കു മേൽ സാമാനങ്ങളെടുക്കുന്ന വിശ്വസ്തന്മാരായ അപേക്ഷകന്മാർക്കു പ്രത്യേക കമ്മീഷൻ നൽകപ്പെടും. പ്രസ്താവിത വിലവിവരപ്പട്ടികകൾ അല്പാല്പ ഭേദം വരാവുന്നതാണ്. എഴുത്തുകുത്തുകളെല്ലാം ഇംഗ്ലീഷിലോ തമിഴിലോ ആയിരിക്കണം.

# വിഷയ വിവരണിക.


1. മംഗളം.
ശ്രീമാൻ വി ജെ. ജോസഫ് അവർകൾ.
2 തടവുകാരും വിട്ടതൽക്കാരിയും
3. പിശാചുക്കളെ ഓടിക്കാം.
4. പ്രസാധകക്കുറിപ്പുകൾ.
5. നവപൂജ (ഓട്ടം തുള്ളൽ.)
റവ. ഫാദർ സൈമൺ സി. ഡി. ,,
6. യാക്കോബായസഭയുടെ ഉത്ഭവം.
റവ. ഫാദർ ജെ. സി. പഞ്ഞിക്കാരൻ എം. ഏ. ,,
7 വേദപുസ്തകപാരായണം (മലയിലെ പ്രസംഗം.)
റവ. ഫാദർ അലക്സാണ്ഡർ സി. ഡി. ,,
8. അമ്മയും മക്കളും.
റവ. ഫാദർ മർസലിൻ സി. ഡി. ,,
9. പൌരസ്ത്യ സഭ.
ശ്രീമാൻ കെ ഇ. ജോബ് ബി. ഏ. ,,
10. ശ്രീയേശുവിജയം (മലയാളമഹാകാവ്യം.)
ശ്രീമാൻ കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള. ,,
11. മുട്ടിയാൽ തുറക്കപ്പെടും. (ഒരു പ്രഹസനം)
ശ്രീമാൻ. കെ. പി. പീററർ. ,,
12 ഈശോയുടെ തിരുഹൃദയ പൊതുനിയോഗവും കാരുണ്യങ്ങളും.
13. വൃത്താന്തശകലങ്ങൾ.
14. പഞ്ചാംഗം.
15. പരസ്യങ്ങൾ.


---

☞ "കുത്സിതപഠനങ്ങളുടേയും, ദുരാഗ്രഹപ്രമത്തതയുടേയും, അനൈകമത്യത്തിൻറയും ഫലമായി ഇപ്പോൾ ഭൂലോകമെങ്ങും വ്യാപിച്ചിരിക്കുന്ന വിപ്ലവത്തെ വിധ്വംസനം ചെയ്യുവാനിച്ഛിക്കുന്നവരെല്ലാം പ്രഡറിക്ക് ഒസ്സാനാമിനെ അവരുടെ ആദർശവും മാതൃകയും ആയിട്ടു സ്വീകരിക്കുന്നതായാൽ, അതു രാജ്യയോഗക്ഷേമത്തിന്ന് എത്രയും ഉപകാരപ്രദമായിരിക്കും" മാർപ്പാപ്പാ പീയൂസ് ദശമൻ.

(പ്രഡറിക്ക് ഒസ്സാനാമിൻെറ ജീവചരിത്രം ഇവിടെ തയ്യാറായി വരുന്നുണ്ട്.)
(പത്രാധിപർ)

രക്ഷകയായ പരിശുദ്ധ മറിയമേ! ഞങ്ങൾക്കു വേണ്ടിയും



ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കു

വേണ്ടിയും പ്രാർത്ഥിക്കണമേ

300 ദി. ദ. വി.

നാകത്തിങ്കലെ ദൈവദൂതനിവഹം ചെയ്യുന്ന സല്ലാളനം
പാകത്തിൽ പരിശുദ്ധരെന്നുമൊരുപോൽ ചെയ്യുന്ന സൽപ്രാർത്ഥനം
ലോകത്തിൽ കൃതമാം വിശുദ്ധബലിയി, കാര്യങ്ങളാൽ തുഷ്ട നാ–
യേകും ശാന്തി ഭവാദൃശർക്ക് പരമൻ 'ശുദ്ധീകരാത്മാ'ക്കളേ!

ജോൺ ഹെന്റ്രി. കാർഡിനൽ ന്യൂമൺ.

# കൎമ്മെല കുസുമം.

പുസ്തകം ൧. ൧൯൧൯ നവംബർ. ലക്കം ൧൧.


## മംഗളം.

കത്തോലിക് ജനതക്കു പാരമറിവും മററുള്ളവൎക്കേററവും
മുത്തോടൊത്തു വിശുദ്ധ വേദവെളിവും വേണ്ടോളമേകിസ്സദാ
സത്തോല്ലും പല നല്ല ലേഖനസുധാസാരം പ്രവൎഷിച്ചുകൊ-
ണ്ടുൾത്തോഷത്തൊടു ഭൂതലേ ‘കുസുമ’മെന്നാളും ജയിച്ചീടണം.

വി. ജെ. ജോസഫ്.

## തടവുകാരും വിടുതൽക്കാരിയും.

സ്പെയിനിലെ സുപ്രസിദ്ധ ചാറൽസു ചക്രവൎത്തിയുടെ സഹചാരികളിലൊരുവനായിരുന്ന ഒരു ഇടപ്രഭു, അദ്ദേഹത്തെ ഒരിക്കൽ പരസ്യമായി അധിക്ഷേപിക്കയുണ്ടായി. അതിന്റെ ശിക്ഷയായി, രാജകീയാരമനയിൽ നിന്നും അയാളെ നിഷ്കാസനംചെയ്തു്, വിദൂരവും ഏകാന്തവും ആയ ഒരു ദ്വീപിലേക്കു നാടുകടത്തിക്കളഞ്ഞു. ഇടപ്രഭു, സ്വാപരാധത്തെപ്പററി പശ്ചാത്തപിച്ചു; കോമളനും ആശ്രിതവത്സലനുമായ മഹാരാജാവിന്റെ സ്നേഹമസൃണമായ മുഖകമലത്തെ ഇനി കാണ്മാൻ സാധിക്കയില്ലല്ലോ എന്നോൎത്തു് ദുഃഖാന്ധനായിത്തീൎന്നു. വിശ്വസ്തനും പ്രതാപവാനും ആയ ഒരു മദ്ധ്യസ്ഥനുണ്ടായിരുന്നെങ്കിൽ, സ്വസ്ഥിതിയെപ്പററി തിരുമനസ്സറിയിക്കാമായിരുന്നല്ലോ എന്നു അയാൾ വിചാരിക്കാതെയിരുന്നില്ല. തന്റെ കൈവശമുണ്ടായിരുന്ന വിശിഷ്ടഘടികാരം, ഒരിക്കൽ ചക്രവൎത്തിയുടെ വിസ്മയത്തിനും കൌതുകത്തിനും പാത്രമായ ഓൎമ്മയും, അതുതിരുമുൽക്കാഴ്ചവച്ചാൽ ഒരുപക്ഷേ തനിക്കുമോചനംസിദ്ധിച്ചേക്കാമെന്നുള്ളപ്രതീക്ഷയും ആവിൎഭവിച്ചതിനോടെ ഏതദ്വിചാരം ശതഗുണീഭവിക്കതന്നെ ചെയ്തു. ചാറൽസിനു സ്വമാതാവിനോടു് അനിതരസാധാരണമായ സ്നേഹമുണ്ടായിരുന്നുവെന്നും, അമ്മയുടെ ആഗ്രഹാനുസരണം പ്രവൎത്തിക്കുന്നതിൽ അദ്ദേഹം ശ്രദ്ധവച്ചിരുന്നുവെന്നും സുപ്രസിദ്ധമായിരുന്നു. അതിനാൽ സ്വവിമോചനത്തെ പ്രാൎത്ഥിക്കുന്നതായ ഒരു കത്തും, പ്രസ്താവിത ഘടികാരവുംകൂടി, അമ്മറാണിയുടെ പേൎക്കു അയച്ചു. മഹാരാജാവിനെ നേരിട്ടു കണ്ടുതന്നെ വിവരം

തിരുമനസ്സറിയിക്കണമെന്നുള്ള പ്രത്യേകാപേക്ഷയോടുകൂടിയ ഒരെഴുത്തു രാജ്ഞിക്കും അയച്ചു കുറേ ആഴ്ചവട്ടങ്ങൾക്കുശേഷം, തന്നെ- സ്വദേശത്തേക്കു ക്ഷണിക്കുന്നതായ ഒരു രാജശാസനം അദ്ദേഹത്തിനു കിട്ടി. തദനുസരണം പ്രഭു സ്പെയിനിലേക്കു മടങ്ങുകയും ഒന്നാമത്തു, ചക്രവർത്തിയേയും രണ്ടാമത്തു അമ്മ റാണിയേയും സന്ദർശിക്കുകയും ചെയ്തു.

ശുദ്ധീകരണസ്ഥലത്തെപ്പററി പലപ്പോഴും ചിന്തിക്കാത്ത വിശ്വാസികൾ കാണുകയില്ല. പ്രത്യേകിച്ച് സകല മരിച്ചവരുടെ മാസമായ നവമ്പറിൽ ആത്മാക്കൾ നമ്മുടെ പൂർവ്വാധിക ശ്രദ്ധയ്ക്കും ഔദാര്യത്തിനും പാത്രമായിത്തീരുകതന്നെ ചെയ്യും. ഈ ദയനീയാത്മാക്കളെ സസന്തോഷം സഹായിക്കാത്ത വിശ്വാസിയേത്? ശുദ്ധീകരണസ്ഥലത്തിന്റെ ആസ്തിക്യത്തെപ്പററി ഈ അവസരത്തിൽ വിവരിക്കേണ്ട ആവശ്യമില്ല. എന്തെന്നാൽ അതു നമ്മുടെ വിശ്വാസരഹസ്യങ്ങളിലൊന്നാണല്ലോ. അതേ. പ്രസ്തുത മാസത്തിൽ, ഭൂലോകമെങ്ങുമുള്ള കോടാകോടി ജനങ്ങൾ ജപമാലകളാലും, ധർമ്മപ്രവൃത്തികളാലും, പാപത്താൽ ദൈവത്തിങ്കൽനിന്നു, താൽക്കാലികമായിട്ടാണെങ്കിലും, ബഹിഷ്കൃതരായി —കാരാഗൃഹവാസികളായി— സ്ഥിതിചെയ്യുന്ന തങ്ങളുടെ ബന്ധുമിത്രാദികളുടെ മോചനത്തിനുവേണ്ടി ഭക്തിപൂർവ്വം പ്രാർത്ഥിക്കുമെന്നുള്ളതും നിശ്ചയമാണ്.

എന്നാൽ നമ്മുടെ പ്രാർത്ഥനകളാകുന്ന ദാനങ്ങളെ, ദൈവിക മഹാരാജാവിന്റെ പക്കലയച്ചു, അദ്ദേഹത്തിന്റെ ഹൃദയത്തെ ശാന്തപ്പെടുത്തേണ്ടിയിരിക്കുന്നു. പക്ഷേ നമ്മുടെ ആവലാതികളും ദാനങ്ങളും ആർ വഴിയായി അയയ്ക്കും? ശുദ്ധീകരണസ്ഥലമാകുന്ന കാരാഗൃഹത്തിലെ രക്ഷാപുരുഷനെന്നു പറയപ്പെടുന്ന വിശുദ്ധ മിഖായേലും, സ്വർഗ്ഗത്തിന്റെ താക്കോൽക്കാരനായ വിശുദ്ധ പത്രോസുമാണ് ആദ്യമായി നമ്മുടെ ഓർമ്മയിൽ വരുന്നത്. ഇവർ രണ്ടുപേരും പ്രധാനപ്പെട്ട സ്വർഗ്ഗീയോദ്യോഗസ്ഥന്മാർ തന്നെ, സംശയമില്ല. എങ്കിലും നമ്മുടെ ദിവ്യരക്ഷനാഥനു, കൂടുതൽ സ്നേഹവും ബഹുമാനവുമുള്ള വേറൊരാളുണ്ട്. ഈ ആളിനോടു തനിക്കുള്ള നിസ്സീമസ്നേഹം ഹേതുവാൽ, അവരുടെ സർവ്വാപേക്ഷകളെയും താൻ കൈക്കൊള്ളുന്നു. ഈ ആൾ തന്റെ മാതാവായ പരിശുദ്ധ കന്യകമറിയമല്ലാതെ മററാരുമല്ല. തന്റെ നിരന്തരമായ പ്രാർത്ഥന ഹേതുവാൽ, ശുദ്ധീകരണസ്ഥലവും, തദ്ദേശവാസികളായ ആത്മാക്കളും, കന്യകമറിയത്തിന്റെ അധീനതയിൽ തന്നെ ഇരിക്കുന്നു എന്നു പറയാവുന്നതാണ്.

ദിവ്യജനനിയുടെ ലൌകിക ജീവിതത്തിൽ, കാനായിലെ കല്യാണദിനം മുതൽ, മനുഷ്യർക്കുവേണ്ടി ചെയ്തിട്ടുള്ളതും ചെയ്തുവരുന്നതുമായ നിരവധി നന്മകളെ നാം അനുസ്മരിക്കുമ്പോൾ, ശുദ്ധീകരണ സ്ഥലത്തെ രാജ്ഞിയെന്നുള്ള നാമധേയത്തിനു കൂടി താൻ അർഹയാണെന്നു സിദ്ധിക്കുന്നു. "ഞാൻ മാത്രമേ സ്വർഗ്ഗപരിണാഹത്തെ ചുററുകയും, സമുദ്രാധോഭാഗത്തെ കടക്കുകയും, കല്ലോലങ്ങളിലൂടെ നടക്കുകയും ചെയ്തിട്ടുള്ളു" എന്ന വേദവാക്യം നമ്മുടെ അമ്മയെ സംബന്ധിച്ചേടത്തോളം അന്വർത്ഥമാണ്. ബസ്സർക്കാനായിലെ അഗ്നിജ്വാലയിലൂടെ കാരുണ്യാമൃതത്തെ വർഷിച്ചുകൊണ്ടു പ്രതിദിനം സഞ്ചരിക്കുമ്പോൾ, ആത്മാക്കൾക്കുണ്ടാകുന്ന ആനന്ദം എത്രവലുതായിരിക്കണം! അവരുടെ മോചനത്തിനായി നാം കന്യക മറിയത്തിന്റെ പാദാരവിന്ദങ്ങളിൽ സമർപ്പിക്കുന്ന ആ ദാനങ്ങളെ — ആത്മാക്കളുടെ വരണ്ട ചുണ്ടുകളെ തണുപ്പിക്കുന്നതും, പൂട്ടപ്പെട്ട സ്വർഗ്ഗീയ വാതായനങ്ങളെ തുറക്കുന്നതുംആയ പ്രാർത്ഥനകളെ — സസന്തോഷം സ്വീകരിച്ചു തന്റെ പ്രിയ പുത്രനും, ആത്മാക്കളുടെ വിധികർത്താവുമായ ദൈവത്തിന്റെ സമക്ഷം സ്വമാതാവ് സമർപ്പിക്കുന്ന ആ കാഴ്ച എത്രയോ ഹൃദയാനന്ദകരമായിരിക്കണം! ഞങ്ങൾ ഈ ലക്കത്തിൽ ചേർത്തിരിക്കുന്ന മുഖചിത്രം, ഈ ആശയത്തെത്തന്നെയാണല്ലോ പ്രകാശിപ്പിക്കുന്നത്. തന്റെ കരേററത്തോടുകൂടി 'ബസ്സർക്കാനാ'യിലെ സകലാത്മാക്കളെയും സ്വർഗ്ഗത്തിലേക്കു കയററിക്കൊണ്ടു പോകുന്നതിനുള്ള അനുവാദം മരണത്തിനുമുമ്പായി സ്വപുത്രനോടു നമ്മുടെ അമ്മ

ചോദിച്ചുവെന്നു വിശുദ്ധ തോമ്മസ് അക്കൈനാസ് തുടങ്ങിയുള്ള വേദപാരംഗതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

പരിശുദ്ധ കന്യകയുടെ അനുഗ്രഹപൂരത്തേപ്പററി വിചിന്തനം ചെയ്യുന്ന ഏതൊരുവനും ഈ അഭിപ്രായത്തോടു യോജിക്കാതിരിക്കയില്ല. ഈശോയുടെ വലതുഭാഗത്തു മറിയം സിംഹാസനാരൂഢയായ നാൾമുതൽ സ്വർഗ്ഗത്തിലും, താൻ അനുഗ്രഹത്തിൻെറ രാജ്ഞിയായിത്തീന്നിട്ടുണ്ട്. ആസ്ഥിതിക്കു ബദ്ധർക്കാനായുടെ താക്കോലുകൂടി തൻെറ പക്കലില്ലാതിരുന്നാൽ തൻെറ ഭരണം അപൂർണ്ണമായ ഒന്നായിപ്പോകും. കർത്താവായ ദൈവമാകട്ടെ അവളോടു അരുളിച്ചെയ്യുന്നു: "അങ്ങേ അധിവാസം യാക്കോബിലും ദായഭാഗം ഇസ്രായേലിലും ആയിരിക്കട്ടെ. തെരഞ്ഞെടുക്കപ്പെട്ടവരുടെ ഇടയിൽ അങ്ങേയുടെ അടി ഉറസ്സുകയും ചെയ്യട്ടെ." അതുകൊണ്ടു, ഓ! മറിയമേ! ആത്മാക്കളേയും അവരുടെ നിയതിയേയും അങ്ങേയുടെ കരപത്മങ്ങളിൽ, ഞങ്ങളേല്പിക്കുന്നു. എന്തെന്നാൽ "സൂര്യരശ്മിയേക്കാൾ പ്രകാശമുള്ളവയും, മനുഷ്യരുടെ സൽപ്രവൃത്തികളേയും ദർശിച്ചുകൊണ്ടിരിക്കുന്നവയും ആയ നേത്രങ്ങളോടുകൂടിയ ദൈവത്തിൻെറ മുമ്പാകെ പാപാശുദ്ധിയാൽ മലിനീകൃതരായ ഞങ്ങളുടെ പ്രാർത്ഥനകൾ ബലഹീനങ്ങളാണെന്നു ഞങ്ങൾക്കു അറിയാം.

ഓ! അമലോത്ഭവ കന്യകേ! ശുദ്ധീകരണസ്ഥലമായ കാരാഗൃഹത്തിലെ രക്ഷാകർത്രി! ഞങ്ങളുടെ കുടുംബാംഗങ്ങൾ, ബന്ധുക്കൾ, സ്നേഹിതന്മാർ, സ്വദേശികൾ എന്നുവേണ്ടാ പരേതരും ഇപ്പോൾ ദൈവമഹത്വത്തെ പ്രത്യക്ഷമായി ദർശിക്കുന്നതിനു അനുവദിക്കപ്പെട്ടിട്ടില്ലാത്തവരുമായ എല്ലാ വിശുദ്ധാത്മാക്കൾക്കും വേണ്ടിയുള്ള ഞങ്ങളുടെ ദൗത്യങ്ങളേയും പ്രാർത്ഥനകളേയും അങ്ങേയുടെ സ്വന്തംപോലെ പരിഗണിച്ചു സർവ്വേശ്വരങ്കൽ സമർപ്പിക്കേണമേ! കർത്താവേ! നിത്യസമാധാനം അവർക്കു നൽകേണമെ!!

---

# പിശാചുക്കളെ ഓടിക്കാം.

കത്തോലിക്കാ തിരുസഭയുടെ മുറപ്രകാരമുള്ള വേദകാർമ്മികന്മാർ വൈദികരാകുന്നു. ഇവർ ഔദ്യോഗികമായിചെയ്യുന്നപ്രാർത്ഥനകൾ പരസ്യ പ്രാർത്ഥനകൾ എന്ന പ്രത്യേക സംജ്ഞയാൽ അറിയപ്പെടുന്നു. ഇവ തിരുസഭയുടെ നാമത്തിലാണ്, കാർമ്മികൻെറ നാമത്തിലല്ലാ ചെയ്യപ്പെടുന്നതു്. ഇപ്രകാരമുള്ള പരസ്യപ്രാർത്ഥനകളുടെ ഫലം സഭയുടെ അംഗങ്ങളായ സകലർക്കും ലഭിക്കുന്നു. ഈ ജപങ്ങൾ മിശിഹായുടെ അദ്ധ്യാത്മികവധു ആയ തിരുസഭയുടെ നാമത്തിൽ ചെയ്യപ്പെടുന്നതുകൊണ്ടു കാർമ്മികൻ ഒരു പക്ഷേ തത്സമയം പാപത്തിലാണ് സ്ഥിതി ചെയ്യുന്നതെങ്കിലും, നിർമ്മലയായ വധുവിൻെറ യോഗ്യത നിമിത്തം ആ പ്രാർത്ഥനയെ ദൈവം സ്വീകരിപ്പാൻ നിർബന്ധിതനായിപ്പോകുന്നു. ആകയാൽ തിരുസഭ, കാർമ്മികൻ വഴിയായി ചോദിക്കുന്നവ ലഭിക്കുമെന്നുള്ളതിനു സംശയമില്ല. നേരേമറിച്ച് അൽമേനികളോ വൈദികരോ സ്വന്ത നിലയിൽ ചെയ്യുന്ന പ്രാർത്ഥനകൾ അവരുടെ യോഗ്യതായോഗ്യതക്കു തക്കവണ്ണം കൈക്കൊണ്ടുവെന്നുംഇല്ലെന്നും വരാം. ഇതിൻെറ ഫലം സംശയാസ്പദമാണ്. ആദ്യത്തേതിൻെറ ഫലം നിശ്ചയമാണു താനും.

വൈദികൻ "ഹന്നാൻ"വെള്ളം ഉണ്ടാക്കുമ്പോൾ മേല്പറഞ്ഞ തരത്തിലുള്ള ഒരു പരസ്യ പ്രാർത്ഥനയത്രേ കഴിക്കുന്നതു്. പ്രസ്തുത വിശുദ്ധ ജലം തളിക്കപ്പെടുന്ന വസ്തുക്കളിലും സ്ഥലങ്ങളിലുംനിന്നു പിശാചിൻെറ ഉപദ്രവങ്ങൾ ഒക്കെയും വിട്ടുമാറേണമെന്നും അതിനെ വിശ്വാസത്തോടുകൂടി ഉപയോഗിക്കുന്ന ആളുകൾ

ക്കു അവരുടെ അപേക്ഷാനുസരണം ആത്മശരീരസഹായങ്ങൾ ധാരാളമായി ഉണ്ടാകേണമെന്നുമാണു് ആ ജപത്തിൽ വൈദികൻ പ്രാർത്ഥിക്കുന്നതു്. പ്രസ്താവിതന്യായങ്ങളാൽ ഈ അപേക്ഷ തിരസ്കരിക്കപ്പെടുകയില്ലെന്നുള്ളതും നിശ്ചയമാണല്ലോ. ഈ വിശുദ്ധീകൃത ജലം ഉപയോഗിക്കുമ്പോഴൊക്കെയും വൈദികൻ കഴിച്ച പ്രാർത്ഥന പരോക്ഷമായി ദൈവസന്നിധിയിൽ എത്തി 'വിശ്വാസി'യുടെ ആഗ്രഹങ്ങളെ ഉൽബോധിപ്പിക്കയും അവയെ സാധിച്ചുകൊടുക്കുന്നതിനു സഭയുടെ നാമത്തിൽ ആവശ്യപ്പെടുകയും ചെയ്യുന്നു ഇങ്ങിനെയാണു് ഹന്നാൻവെള്ളത്തിൻെറ അന്തർലീനമായ ശക്തിയാൽ നമുക്കു ഫലംകിട്ടുന്നതു്. അതുപയോഗിക്കുന്ന സമയത്തു് ദേഹത്തിന്മേൽ, വസ്തുവിന്മേൽ അഥവാ നിലത്തു തളിക്കുമ്പോൾ നമ്മുടെ നിയോഗവും ആഗ്രഹവും എന്തോ അതു സഫലമാകുന്നു. തന്മൂലം നമുക്കു മാത്രമല്ല, ദൂരസ്ഥന്മാൎക്കുവേണ്ടിക്കൂടിയും ഈ തീർത്ഥത്തിൻെറ ഉപയോഗംകൊണ്ടു സഹായിക്കുവാൻ കഴിയും. ഇതത്രേ ഇതിലെ രസകരമായ ഭാഗം.

ഈ ന്യായത്തെ അടിസ്ഥാനപ്പെടുത്തിയാണു് തിരുസഭ, ഓരോ സാധനങ്ങൾ വിശുദ്ധീകരിക്കുമ്പോഴും, ചാഴി മുതലായ ജന്തുക്കളുടെ ഉച്ചാടനകൎമ്മത്തിലും മരിച്ചവൎക്കുവേണ്ടിയുള്ള സൎവ്വ കൎമ്മങ്ങളിലും വിശുദ്ധ ജലം ഒരു നിരുപേക്ഷണീയ ഘടകമായി കരുതിപ്പോരുന്നതു്. നമ്മുടെ പ്രാർത്ഥനകളെ നാം എത്ര നല്ലവണ്ണം കഴിച്ചാൽ തന്നെയും ഒരു തുള്ളി ഹന്നാൻ വെള്ളത്തോടു ചില സമയം തോററുപോയി എന്നു വരും. മനസ്താപപൂൎവ്വം ഹന്നാൻ വെള്ളംകൊണ്ടു കരിശുവരച്ചാൽ പാപദോഷങ്ങളുടെ മോചനം ലഭിക്കാവുന്നതുകൂടാതെ ഒരുനൂറു ദിവസത്തെ ദണ്ഡവിമോചനവും പ്രാപിക്കാം. ഇതിനും പുറമെ വിശ്വാസത്തോടുകൂടി ഈ വെള്ളം തളിച്ചതുകൊണ്ടു് ശാരീരികാസ്വാസ്ഥ്യങ്ങൾ തന്നെ ഇല്ലാതായിട്ടുള്ള പല സംഭവങ്ങളുമുണ്ടു്. ചിലയാളുകൾ യാത്ര ചെയ്യുമ്പോൾ തീർത്ഥജലംകൊണ്ടു നടക്കാറുണ്ടു്. ഈ വെള്ളം തളിച്ചുകൊണ്ടു വിശുദ്ധ ത്രേസ്യാ തുടങ്ങിയുള്ള പല വിശുദ്ധരും പ്രത്യക്ഷമായി "പിശാചുക്കളെഓടിച്ചിട്ടുണ്ടു്." ഭക്തിയുള്ള വിശ്വാസികൾ ഉറങ്ങുന്നതിനു മുമ്പു വെള്ളം തൊട്ടു കുരിശുവരക്കയും കിടക്കമേൽ തളിക്കയും ചെയ്യാറുണ്ടു്. നല്ല കാരണവന്മാർ ഹന്നാൻ വെള്ളം തളിച്ചുകൊണ്ടു തങ്ങളുടെ കുട്ടികളെ ഉറക്കി, ദൈവത്തിനേൽപ്പിക്കുന്നു.

ആകയാൽ നമ്മുടെ കുടുംബങ്ങളിൽ എപ്പോഴും ഹന്നാൻ വെള്ളം ഉണ്ടായിരിക്കേണ്ടതാണു്. പല ആപത്തുകളിലും ആവശ്യങ്ങളിലും ഇതു നമ്മെ സഹായിക്കും. വിശിഷ്യ വിശ്വാസികൾ മരണാസന്നരായിരിക്കുമ്പോൾ, ശരീരേന്ദ്രിയങ്ങൾ നിഷ്പ്രയോജകങ്ങളായി, ചുററും നിൽക്കുന്നവർ നിസ്സഹായന്മാരായിത്തീരുമ്പോൾ ഈ വെള്ളം തളിച്ചാൽ അവൎക്കു വളരെ അനുഗ്രഹമായിരിക്കും. ഇതുകൊണ്ടും അപേക്ഷ മൂലവും അല്ലാതെ വേറൊരുവിധത്തിലും അവരെ സഹായിപ്പാൻ നമുക്കു പാടില്ല. അതു പീഡകളിൽ അവരെ ആശ്വസിപ്പിക്കുന്നു. മനോധൈൎയ്യം നൽകുന്നു. കിടക്കയുടെ ചുററും തിങ്ങിക്കൂടിയിരിക്കുന്ന ദുഷ്ടാരൂപികളെ ഓടിക്കുന്നു. രോഗികളെ ശുശ്രൂഷിക്കുന്നവർ ഈ സംഗതി നല്ലവണ്ണം ഓൎമ്മിച്ചിരിക്കേണ്ടതാണു്.

മരിച്ചവരുടെ ആത്മാവുകൾക്കു വിശുദ്ധജലം ചെയ്യുന്ന സഹായത്തേപ്പററി ഒടുവിലാണു് പറയുന്നതെങ്കിലും അതു പലതുകൊണ്ടും ഒന്നാമത്തേതാണു്. 'ബസ്സർക്കാനാ'യിലെ ദയനീയാത്മാവുകൾ

---

ഒരു യൂദൻെറ പണസ്സഞ്ചി ഒരിക്കൽ കളഞ്ഞുപോയി. മടിശ്ശീല ഒരു പാന്ഥനു കിടന്നുകിട്ടുകയും അതെടുത്തു ഉടമസ്ഥനെ ഏല്പിക്കയും ചെയ്തു. പണസ്സഞ്ചി മേടിച്ചുകൊണ്ടു യൂദൻ പറഞ്ഞു: "ഇതിൽ ഒന്നും നീ എടുത്തില്ല ഉവ്വോ? അമ്പത്തെഴുരൂപാ അഞ്ചുചക്രം എട്ടുകാശുണ്ടായിരുന്നു. സഞ്ചി നഷ്ടപ്പെട്ടതു കഴിഞ്ഞ കൎക്കടകം ഒന്നാംതീയതി ആണു്. അതിനാൽ മൂന്നാഴ്ചത്തേക്കു പണം നിൻെറ പക്കലായിരുന്നല്ലോ. പലിശയെവിടെ"?

തന്നെ, പല അവസരങ്ങളിലും പ്രത്യക്ഷരായിക്കൊണ്ട് ഹന്നാൻവെള്ളം വഴിയായി തങ്ങളെ ആശ്വസിപ്പിക്കേണമെന്ന് പലരോടും അപേക്ഷിച്ചതായിട്ട് ധാരാളം ചരിത്രസംഭവങ്ങളുണ്ട്. ദേഹാദ്ധ്വാനമാവശ്യമില്ലാത്തതും, ദ്രവ്യവ്യയംകൂടാതെ സാധിക്കാവുന്നതുമായ ഈ അമൂല്യധർമ്മംചെയ്തു നമ്മുടെ ബന്ധുക്കൾ, സ്നേഹിതന്മാർ, ഗുണകാരികളാദിയായ മരിച്ചവരെ സഹായിപ്പാനും തദ്വാരാ സ്വർഗ്ഗത്തിൽ നമ്മുടെ മദ്ധ്യസ്ഥന്മാരുടെ സംഖ്യയെ വർദ്ധിപ്പിപ്പാനും എല്ലാ വിശ്വാസികളും ബദ്ധശ്രദ്ധരായിരിക്കേണ്ടതാണ്.

## പ്രസാധകക്കുറിപ്പുകൾ

### 1.

### മതാഭ്യസനവും മദ്രാസ് ഗവമ്മെണ്ടും.

ഗവമ്മേണ്ടു വിദ്യാശാലകളിൽ മതപഠനം നടത്തുന്നതിൽ മദ്രാസ് ഗവമ്മേണ്ടു വൈമുഖ്യമാണ് ഇതഃപര്യന്തം പ്രദശിപ്പിച്ചുവന്നിരുന്നത്. എന്നാൽ കുറേനാളുകളായി ഈ നയത്തിൻെറ അനൌചിത്യം ഗ്രഹിച്ചിട്ടോയെന്നുതോന്നുമാറു, മതപഠനവിഷയത്തിൽ ആ ഗവമ്മേണ്ട് സൌകയ്യങ്ങളെ നൽകിത്തുടങ്ങിയിരിക്കുന്നു. മദ്രാസിലെ ക്വീൻമേരീസ് കോളജിൽ, വിദ്യാർത്ഥിനികൾക്കു, മതപഠനത്തിനു വേണ്ടപ്പെട്ട എല്ലാ സൌകയ്യങ്ങളും പ്രദാനം ചെയ്യുതുകൂടാതെ, മംഗലാപുരം ഗവമ്മേണ്ടു ട്രെയിനിങ്ങ് സ്കൂളിലും വേദപഠനം നടത്തുന്നതിനു അധികൃതന്മാർ അനുമതി നൽകിയിരിക്കുന്നു. മതസംബന്ധമില്ലാത്ത എല്ലാവക കലകളിലും പാണ്ഡിത്യം പ്രാപിക്കാം. എന്നാൽ 'മത'ത്തെപ്പററി യാതൊന്നും ഗവമ്മേണ്ടു സ്കൂളുകളിൽ പ്രസ്താവിച്ചുകൂടെന്നായിരുന്നല്ലൊ അധികൃതന്മാരുടെ ആജ്ഞ. ഇതിൻെറ ഫലം, ദൈവസ്നേഹമോ, അധികാരഭക്തിയൊ ഇല്ലാത്ത ഒരുകൂട്ടം 'പരിഷ്കാരി'കളുടെ ഉത്ഭവമാണെന്നു സൂക്ഷ്മജ്ഞന്മാക്കേവക്കും അറിയാവുന്നതാണ്. ഈ അറിവിനു വ്യാപ്തി വദ്ധിക്കുംതോറും, മതപഠനത്തെ നിരോധിക്കുന്ന ഗവമ്മേണ്ടുകളുടെ അബദ്ധം സ്പഷ്ടമായിത്തുടങ്ങുകയും ചെയ്യും. മദ്രാസ് ഗവമ്മേണ്ടിൻെറ നയത്തെ ഏതദ്ദേശ്യ ഗവമ്മേണ്ടുകൾക്കുടി അംഗീകരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു! മദ്രാസിലെ ചില നിയമങ്ങളെ അന്ധപരമ്പരന്യായേന അനുകരിക്കുന്നതിൽ അസാധാരണമായ പാടവം പ്രദശിപ്പിക്കുന്ന ചില ഗവമ്മേണ്ടുകൾ, എല്ലാ മതക്കാക്കും ഒന്നുപോലെ ഉപകാരപ്രദമായ മതപഠനത്തിനു, ഡിപ്പാർട്ടുമെൻറൽ സ്കൂളുകളിൽ സൌകയ്യങ്ങളനുവദിക്കാത്തതെന്തുകൊണ്ടാണെന്നറിയുന്നില്ല. ഈ അവസരത്തിൽ നമ്മുടെ സഹോദരരാജ്യത്തിലെ

### 2. സിവിൽ വിവാഹബിൽ.

ഞങ്ങളുടെ ഓമ്മയിൽവരുന്നു. കൊച്ചീരാജ്യത്തെ ഏതാനും ക്രിസ്ത്യാനികളുടെ—വളരെ ചുരുക്കംപേരുടെ— അപേക്ഷാനുസരണം രാജ്യമൊട്ടുക്കുള്ള വിവിധവഗ്ഗക്കാരായ അനേകം ക്രിസ്ത്യാനികളെ ഒന്നുപോലെ ബാധിക്കുന്നതായ, അല്ല, സഹായിക്കുന്നതായ ഒരു നിയമം —അവരുടെ സ്പഷ്ടമായ ആഗ്രഹത്തിനു വിപരീതമായി— ഏപ്പെടുത്തുന്നതിനു ദിവാൻ മിസ്റ്റർ വിജയരാഘവാചാരി ശ്രമിക്കുന്നു! തങ്ങൾക്കു അത്യാവശ്യകങ്ങളും ഏവരും ഒത്തൊരുമിച്ചു പ്രാത്ഥിക്കുന്നതുമായ ഏത്രയൊ കായ്യങ്ങളുണ്ടങ്ങനെ "വനരോദന"സമാനം കിടക്കുന്നു!! അവയൊന്നും കേട്ടഭാവമേയില്ല. ഇതു ചിത്രംതന്നെ; എങ്കിലും സിവിൽവിവാഹ നിയമത്തിൻെറ ജനയിതാവിനോടു കൊച്ചിനിവാസികൾ കൃതജ്ഞതയുള്ളവരായിരിക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രാ

യം. എന്തെന്നാൽ മുമ്പൊരിക്കലും നടന്നിട്ടില്ലാത്ത പലേ സംഭവങ്ങൾക്ക് ഇതു കാരണമാക്കിത്തീർത്തില്ലേ? സിവിൽ വിവാഹ നിയമം പാസാക്കരുതേ! പാസാക്കരുതേ! എന്നുള്ള പ്രാർത്ഥന അഷ്ടദിക്കുകളിൽനിന്നും പുറപ്പെടുന്നു. ഇതാ കത്തോലിക്കരുടെ ഐകമത്യം, കൊച്ചിയുടെ മാഹാത്മ്യത്തെ വർദ്ധിപ്പിക്കുന്നു. സിംലായിലെ വിശ്രുതനായ കേറലിസിംഹവും മദ്രാസിലെധീരോദാത്തനായ അരുമൈനാഥനും, പ്രസംഗത്താലും സന്ദർശനത്താലും ഇതാ കൊച്ചിയെ ബഹുമാനിക്കുന്നു. പിന്നീട് ഡെൽഹി, സിംലാ, ലാഹോർ, മദ്രാസ്, ത്രിശ്ശിനാപ്പള്ളി, കോഴിക്കോട്, തിരുവനന്തപുരം എന്നീപട്ടണങ്ങളിൽനിന്നും കൊച്ചീദിവാനുപ്രാർത്ഥനാലിഖിതങ്ങൾകിട്ടിയിരിക്കുന്നു! കേരളീയ ക്രിസ്ത്യാനികളിൽനിന്നും സിദ്ധിച്ചിരിക്കുന്ന കമ്പികൾക്കും ഹർജികൾക്കും ഉണ്ടോ "കൈയ്യും കണക്കു"മുള്ളൂ?

ഏതായാലും തൻെറ ആഗമനം മുതൽ ജനാവലിയുടെ യഥാർത്ഥമായ അഭിവൃദ്ധിയെമാത്രം മുന്നിറുത്തി പരിശ്രമിച്ചുകൊണ്ടുവരുന്ന മിസ്റ്റർ വിജയരാഘവാചാരി ദിവാൻജി, ഈ ഒരു കാര്യത്തിൽ– ബഹുജനഹിതം ഇപ്രകാരം നന്നായി ഗ്രഹിച്ചിരിക്കുവാനിടയുള്ള സ്ഥിതിക്ക്– അബദ്ധം ചെയ്യുമെന്നു വിചാരിക്കുവാൻ യാതൊരു ന്യായവും കാണുന്നില്ല. അതിനാൽ സിവിൽവിവാഹ നിയമ കാര്യത്തിലും, അദ്ദേഹത്തിൻെറ സഹജമായ കുശാഗ്രബുദ്ധിയും, രാജ്യതന്ത്രനിപുണതയും പ്രത്യക്ഷപ്പെടാതിരിക്കയില്ലെന്നു ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു.

## നവപൂജ (ഓട്ടംതുള്ളൽ)

അങ്ങിനെ ദൈവസഹായത്താലേ
തിങ്ങിനമോദമൊടനവധിയാളുകൾ
ദിവസവുമെണ്ണിപ്പാർത്തൊരുമംഗള
നവപൂജയതും വന്നുകഴിഞ്ഞു.
ഇരുപത്തൊന്നാം തിയതി കന്നിയി–
ലരുമകലന്നൊരു ഞായർദിവസം
മാന്യതപെരുകും മാർ തോമ്മായാം
വന്ദ്യപിതാവിൻ കരതളിരാലേ
മെത്രാസനദേവാലയമതിലേ
ചിത്രാനന്ദദമാകുംവണ്ണം
പട്ടവുമേററു തിരിച്ചിഹവന്നുട–
നൊട്ടധികാശയൊടേ നാലാംനാൾ
ഗണ്യത തിരളും മാന്നാനത്തിൽ
പുണ്യപിതാവാം മാർ യൌസേപ്പിൻ
തൃപ്പാദത്തിൽതന്നേയുന്നത–
നപ്പാവനമാം പൂജയണച്ചു.
മാമകമനമേ! നീയിനിയകമേ
സീമയൊഴിഞ്ഞു തെളിഞ്ഞീടുടനേ.
"കർത്താവിവനിതി നന്മകൾ നിരവധി
ചേർത്തതിനെന്തൊരു നന്ദിയണപ്പൂ?
രക്ഷാകര കാസായുമെടുത്തു
രക്ഷേശ്വരനാമത്തെ വിളിപ്പേൻ"
ഭംഗമൊഴിഞ്ഞീ ശുഭദിവസത്തിൽ
മംഗളമാശംസിച്ചിട്ടുള്ളൊരു
ചെങ്ങാതികളോടെല്ലാവരൊടും
മങ്ങാതോതീടുന്നിഹ നന്ദി.
കരുണാകരനാം കർത്താവിന്നുടെ
തിരുസന്നിധിയതിലെല്ലാവർക്കും
വേണ്ടും ഭാവുകമഖിലമിരന്നി–
ട്ടുണ്ട്, കനിഞ്ഞവ നൽകീടട്ടെ!

ഫാദർ സൈമൺ സി. ഡി.

---

"നമ്മുടെ സഹപാഠികൾ മിഷ്യനറിമാരായിട്ടു, അഫ്രീക്കായിൽവച്ചു വേദസാക്ഷികളായും, സ്നേഹിതന്മാർ സൈനികന്മാരായി ചൈനായിൽവച്ചു ധീരയോദ്ധാക്കളായും വീരമരണം പ്രാപിക്കുമ്പോൾ നാമെന്താണു ചെയ്യുക! സുഖസുഷുപ്തിയിൽ ലയിക്കയോ? നമ്മേപ്പോലെയുള്ള ചിലർ തിരുസഭയുടെ മാഹാത്മ്യത്തിനും വിജ്ഞാനത്തിൻെറ പ്രചരണത്തിനും വേണ്ടി തങ്ങളെത്തന്നെ ബലികഴിക്കുമ്പോൾ, നാം റോസപുഷ്പങ്ങളെ ഘ്രാണിച്ചുകൊണ്ടു വീടുകളിൽ 'കുത്തി ഇരിക്ക'യാണോ വേണ്ടതു? ഉണരുക. എഴുനേൽക്കുക സ്നേഹിതരേ! തിരുസഭയുടെ മഹത്വത്തിനും സ്വദേശത്തിൻെറ ഉന്നമനത്തിനും വേണ്ടി പരിശ്രമിക്കുക." (ഫ്രഡറിക്ക് ഒസ്സാനാം.)

# യാക്കോബായ സഭയുടെ ഉത്ഭവം.

എവുത്തിക്കിയസ് പഠിപ്പിച്ച തെറ്റുകൾ ഇതു മാത്രമായിരുന്നു. കൎത്താവിന്ന് തന്റെ ദിവ്യത്വമാനുഷത്വബന്ധത്തിന്ന് മുമ്പായി രണ്ടു സ്വഭാവങ്ങൾ ഉണ്ടായിരുന്നെന്നും, പിന്നീടു മനുഷ്യാവതാരസമയത്തോ മറ്റോ അതുകൾ ഒന്നായിക്കൂടി ഏകസ്വഭാവമായെന്നും; കൎത്താവിന്റെ ശരീരം കന്യക മറിയത്തിൽ ഉത്ഭവിച്ചു വളൎന്നുവന്നതല്ലെന്നും, കൎത്താവിന്റെ ജനനത്തിന്നു വളരെ മുമ്പുതന്നെ "ലോഗോസി"നാൽ (വചനം) സൃഷ്ടിക്കപ്പെട്ടതാണെന്നും, ഈ ശരീരത്തെ "ലോഗോസ്" സ്വീകരിച്ച് ദൈവത്വത്തോടു അതിനെ കന്യാസ്ത്രീമറിയത്തിന്റെ ഉദരത്തിൽവച്ച് സംഘടിപ്പിച്ചതാണെന്നും, ആകയാൽ കന്യാസ്ത്രീമറിയം കൎത്താവു കടന്നുപോന്ന വെറും ഒരു മാൎഗ്ഗം മാത്രമായിരുന്നെന്നും അയാൾ വാദിച്ചു. അയാളുടെ അയുക്തികമായ നില ഈ അനുമാനത്തിൽനിന്നു ധാരാളം വെളിപ്പെട്ടു. കന്യാസ്ത്രീമറിയം ദേവമാതാവാകുന്നുവെന്ന എഫേസൂസ് പൊതുസൂനഹദോസിന്റെ തീൎമ്മാനത്തെ ധീരതയോടെ പിൻതാങ്ങുന്നതിന്നു ഒരുങ്ങിപ്പുറപ്പെട്ട ഇയാൾ ഒടുവിൽ കന്യാസ്ത്രീമറിയം കൎത്താവു കടന്നുപോന്ന വെറും ഒരു പന്ഥാവു മാത്രമായിരുന്നെന്നു വാദിച്ചിരിക്കുന്നു. വേറെവിധത്തിൽ ഉത്ഭവിച്ചു ഉദരത്തിൽക്കൂടി കടന്നുപോന്നതുകൊണ്ടു മാത്രം ഒരു സ്ത്രീയെ ഒരുവന്റെ അമ്മ അല്ലെങ്കിൽ മാതാവെന്നു വിളിക്കുവാൻ ന്യായമില്ലല്ലോ?

എവുത്തിക്കിയസിന്റെ ബോധനത്തിലുള്ള ഈ വക അയുക്തികവും ആശ്ചൎയ്യകരവുമായ അഭിപ്രായങ്ങളെ എല്ലാ ഏകസ്വഭാവവാദികളും സമ്മതിച്ചില്ല. എന്നുവേണ്ടാ ആ വക അഭിപ്രായങ്ങളിൽ അയാളേയും അയാളുടെ ഈ അത്ഭുതമായ സിദ്ധാന്തത്തേയും അവർ ശപിക്കുവാൻ സന്നദ്ധരായിരുന്നു. എവുത്തിക്കിയസിനെ ശപിച്ചതുകൊണ്ടു മാത്രം ഏകസ്വഭാവവാദമെന്ന ഇടത്തുടിൽ തങ്ങൾ വീണിട്ടില്ലെന്നു വരുന്നതല്ലല്ലോ. തങ്ങൾ എവുത്തിക്കിയസിന്റെ എല്ലാ തെറ്റുകളേയും അംഗീകരിക്കുന്നില്ല എന്നു മാത്രമേ അതിൽനിന്നു അനുമാനിക്കാൻ നിവൃത്തിയുള്ളു.

ഈ പുതിയ വാദത്തെ സമ്മതിക്കുവാൻ ക്രിസ്തീയസഭ തയ്യാറില്ലായിരുന്നു. പല വേദശാസ്ത്രികൾ, വിശിഷ്യ അന്ത്യോഖ്യായിലെ പൌരസ്ത്യ ശാസ്ത്രജ്ഞന്മാർ എവുത്തിക്കിയസിന്നും ഏകസ്വഭാവ വാദത്തിന്നും വിരോധമായി വാദിക്കുവാൻ തുടങ്ങി. 'സൈറസിലെ തിയോഡോറെറ്റു എന്നയാൾ ൪൪൭-ൽ "ഭിക്ഷകൻ" അഥവാ "വിവിധാകൃതിയിലുള്ളവൻ" എന്നൊരു പുസ്തകം സംഭാഷണരൂപത്തിൽ പ്രസിദ്ധപ്പെടുത്തി. ഈ പുതിയ എടത്തുട്ടുകാർ "ഗ്നോസ്റ്റിക്ക്, ഡൊക്കേററസ്, അപ്പോലനാറിസ്റ്റ്" എന്നിങ്ങനെ പഴക്കമുള്ള എടത്തുട്ടുകളിൽനിന്നു തങ്ങൾ തോന്നിയടത്തോളം ഭാഗങ്ങൾ ഇരന്നു വാങ്ങിച്ചിട്ടുള്ള യാചകന്മാർ മാത്രമാണെന്നും സ്ഥാപിച്ചതുകൂടാതെ, ഇവരുടെ പുതിയ വാദങ്ങളെയെല്ലാം കൂലംകഷമായി ഖണ്ഡിക്കയും ചെയ്തു. ഇങ്ങനെ ക്രിസ്തീയസഭയിൽ വീണ്ടും വിഭാഗങ്ങൾ ഉണ്ടാകുന്നതിന്നു ഇടയായിത്തീൎന്നു.

ഈ സമയത്തു കൊൺസ്റ്റാന്തിനോപ്പിളിലെ പാത്രിയാൎക്കീസ് ൪൪൭-ന്നും ൪൪൯-ന്നും ഇടക്കു വാണിരുന്ന ഫ്ളാവിയാനോസ് എന്ന ദേഹമായിരുന്നു. ഇദ്ദേഹമായിരുന്നു കിഴക്കൻ സാമ്രാജ്യത്തിൽ ഈ പുതിയ എടത്തുടിന്നു വിരോധമായി സധൈൎയ്യം യുദ്ധം ചെയ്യതും, ഒടുവിൽ മ്ശിഹായ്ക്കു മനുഷ്യസ്വഭാവം ഉണ്ട് എന്നുള്ള സത്യത്തിന്നുവേണ്ടി തന്റെ പ്രാണനെ കൊടുത്തതും.

അന്തിയോഖ്യായിലെ "ഡോമ്നസ്" എന്ന പാത്രിയാൎക്കീസും തെയോഡോറെറ്റിന്റെ ഭാഗത്തു ചേൎന്നു. എന്നാൽ എവുത്തിക്കിയസിന്റെ ഉറ്റ സ്നേഹിതനായിരുന്ന ക്രിസാഫിയോസ് എന്ന പ്രധാനമന്ത്രിയുടെ സഹായത്താൽ തെയൊഡേഷ്യസ് ചക്രവൎത്തി സംഗതികൾ നല്ലവണ്ണം മനസ്സിലാക്കാതെ ഡോമ്ന

സിൻെറയും മററും വാദം നെസ്റ്റോറിയൻ ഇടത്തുടിനോടു അധികം ചാർച്ചയുള്ളതാണെന്നു ഗ്രഹിക്കകയാൽ നെസ്റ്റോറീസ്സ് ഇടത്തുടിനെ അനുകൂലിക്കുന്ന എല്ലാവരേയും സ്ഥാനഭ്രഷ്ടരാക്കി സഭക്കു പുറമെ തള്ളിക്കളയണമെന്നു കല്പിച്ചു.

ഈ സംഭവങ്ങൾക്കിടയ്ക്കു "ഡൊറിലേയം" എന്ന ദിക്കിലെ എവുസേബിയസ് എന്ന മെത്രാൻ എവുത്തിക്കിയസിൻെറ കാര്യം ഒരു സൂനഹദോസു കൂടി തീർമ്മാനിക്കേണമെന്നും ൪൪൮-ൽ കൂടിയ കൊൺസ്റ്റാന്തിനോപ്പോളിലെ പാത്രിയർക്കീസിൻെറ സാധാരണ സംഘത്തിൽ വച്ചു അഭിപ്രായപ്പെട്ടു. ഫ്ളാവിയാനോസ് ആദ്യം വിസമ്മതം പറഞ്ഞുവെങ്കിലും പിന്നീടു സമ്മതിച്ചു. എവുത്തിക്കിയസ് ഈ സംഘത്തിൻെറ മുമ്പാകെ ഹാജരാകണമെന്നു അയാളെ അറിയിച്ചു. അയാൾ ആദ്യം അതിന്നു സമ്മതിച്ചില്ലെന്നു മാത്രമല്ല, തൻെറ കീഴിലുള്ള വളരെ സന്യാസികളേക്കൊണ്ടു തൻെറ തെററായ വിശ്വാസപ്രമാണത്തെ സമ്മതിച്ചതായി ഒപ്പിടുവിച്ചയച്ചു. വളരെ വാദപ്രതിവാദങ്ങളുടെശേഷം എവുത്തിക്കിയസ് തന്നെ സംഘത്തിൽ ഹാജരായി. അയാളുടെ ന്യായങ്ങളേയും വാദങ്ങളേയുമെല്ലാം സൂനഹദോസ് ക്ഷമയോടേ കേട്ടു. ഒടുവിൽ അവർ ചെയ്തു തീർമ്മാനം ഇതായിരുന്നു.

"എവുത്തിക്കിയസ് അപ്പോലനാറിസ്റ്റ്, ഡൊകേററാസ് എന്നീ എടത്തുടുകളിൽ വീണിട്ടുള്ളതായി കാണുന്നു. ആകയാൽ അയാളെ ശ്രേഷ്ഠസ്ഥാനത്തുനിന്നു മാററി, സഭയ്ക്കു പുറമേ തള്ളേണ്ടതു അത്യാവശ്യമായിരിക്കുന്നു." അയാളുടെമേൽ ആരോപിച്ച കുററം മ്ശിഹായിക്കു നമ്മേപ്പോലുള്ള മനുഷ്യസ്വഭാവം ഇല്ല എന്നു അയാൾ വിശ്വസിച്ചു പഠിപ്പിച്ചിരുന്നു എന്നതായിരുന്നു.

൩൨൫-ൽ ക്രിസ്തീയസഭ നിക്കിയാ പൊതുസൂനഹദോസിൽകൂടി ആരിയസ്സിന്നു വിരോധമായി കർത്താവിന്നു ദൈവസ്വഭാവമുണ്ടെന്നു തീർമ്മാനിച്ചതു പോലെ, കൊൺസ്റ്റാന്തിനോപ്പോളിലെ ഈ സംഘത്തിൽവച്ച് കർത്താവിന്നു പൂർണ്ണമായ മനുഷ്യസ്വഭാവം ഉണ്ടെന്നും നിശ്ചയം ചെയ്തു കർത്താവ് പൂർണ്ണമനുഷ്യനും, പൂർണ്ണദൈവവുമായ ഏക ആളാണെന്നാണല്ലോ വിശുദ്ധ വേദപുസ്തകം പ്രസ്പഷ്ടമായി നമ്മെ പഠിപ്പിക്കുന്നത്.

ഫാദർ ജോസഫ് സി. പഞ്ഞിക്കാരൻ
എം. ഏ.

# വേദപുസ്തക പാരായണം

## മലയിലെ പ്രസംഗം.

"വിധിക്കപ്പെടാതെയിരിപ്പാൻ വേണ്ടി നിങ്ങൾ (അന്യരെ) വിധിക്കരുത്. എന്തുകൊണ്ടെന്നാൽ നിങ്ങൾ വിധിക്കുന്ന വിധിയാൽ തന്നെ നിങ്ങൾ വിധിക്കപ്പെടും. നിങ്ങൾ അളക്കുന്ന അളവാൽ നിങ്ങൾക്കു തിരികെ അളക്കപ്പെടുകയും ചെയ്യും" (മത്തായി ൭. ൧. ൨).

"നിൻെറ സഹോദരൻെറ കണ്ണിലുള്ള കരടു നീ കാണുകയും നിൻെറ കണ്ണിലുള്ള തടി നീ കാണാതിരിക്കയും ചെയ്യുന്നതെന്തു? അല്ലെങ്കിൽ നിൻെറ കണ്ണിൽ തടിയിരിക്കെ, നീ നിൻെറ സഹോദരനോടു: ഞാൻ നിൻെറ കണ്ണിൽ നിന്നു കരടു എടുത്തുകളയട്ടെ എന്നു പറയുന്നതെങ്ങിനെ? കപടഭക്തിക്കാരാ! മുമ്പേതന്നെ നിൻെറ കണ്ണിൽകിടക്കുന്ന തടി എടുത്തുകളക; അതിൻെറ ശേഷം നിൻെറ സഹോദരൻെറ കണ്ണിൽനിന്നു കരടു എടുത്തുകളവാൻ ശ്രമിക്ക" (മത്തായി ൭. ൩-൫).

"നിങ്ങൾ പരിശുദ്ധമായതിനെ നായ്ക്കൾക്കു കൊടുക്കരുത്. നിങ്ങളുടെ മുത്തുകളെ പന്നികളുടെ മുമ്പിൽ ഇടുക

യുമരുത്. (ഇതു) അവ തങ്ങളുടെ കാലുകൾകൊണ്ടു ഇവയെ ചവിട്ടുകയും, അവ തിരിഞ്ഞു നിങ്ങളെ ചീന്തിക്കളകയും ചെയ്യാതിരുപ്പാൻ വേണ്ടിയാണ്". (മത്തായി ൭. ൬–൭)

"ചോദിപ്പിൻ, നിങ്ങൾക്കു നൽകപ്പെടും; അന്വേഷിപ്പിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ നിങ്ങൾക്കു തുറക്കപ്പെടുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ ചോദിക്കുന്ന ഏവനും കിട്ടുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവന്ന് തുറക്കപ്പെടുകയും ചെയ്യും. അഥവാ നിങ്ങളിൽ ഏതുമനുഷ്യനായാലും സ്വപുത്രൻ അപ്പം ചോദിച്ചാൽ, അവന്നു കല്ലുകൊടുക്കുമോ? അല്ലെങ്കിൽ അവൻ ഒരു മീൻ ചോദിച്ചാൽ, അവന്നു ഒരു സർപ്പം കൊടുക്കുമോ? ആകയാൽ, പാപികളാകുന്ന നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നുവെങ്കിൽ, സ്വർഗ്ഗത്തിലിരിക്കുന്ന നിങ്ങളുടെ പിതാവു തന്നോടു ചോദിക്കുന്നവൎക്കു എത്ര അധികമായി നന്മകളെ കൊടുക്കും? ആകയാൽ മനുഷ്യർ, നിങ്ങൾക്കു എന്തെല്ലാം ചെയ്യേണമെന്നു നിങ്ങൾ ഇച്ഛിക്കുന്നുവോ, അപ്രകാരം നിങ്ങളും അവൎക്കു ചെയ്വിൻ. എന്തെന്നാൽ ഇതുവേദപ്രമാണവും ദീൎഘദൎശികളുമാകുന്നു". (മത്തായി ൭. ൭–൧൨.)

"ഇടുങ്ങിയവാതലിൽക്കൂടെ പ്രവേശിപ്പിൻ; എന്തുകൊണ്ടെന്നാൽ നാശത്തിലേക്കു പോകുന്ന വാതൽ വിതിയുള്ളതും, വഴി, വിസ്താരമുള്ളതുമാകുന്നു. അതിൽക്കൂടെ പ്രവേശിക്കുന്നവരും വളരെ ആകുന്നു. ആയുസ്സിലേക്കു പോകുന്ന വാതൽ എത്രയും ഇടുങ്ങിയതും, വഴി എത്രയും ഞെരുക്കമുള്ളതുമാകുന്നു. അതു കണ്ടെത്തുന്നവരും എത്രയും ചുരുക്കമാകുന്നു". (വിശുദ്ധ മത്തായിയുടെ സുവിശേഷം ഏഴാമദ്ധ്യായം പതിമൂന്നു മുതൽ പതിന്നാലു വരെയുള്ള വാക്യങ്ങൾ കാൺക.)

"കപടദീൎഘദൎശികളിൽനിന്നു അകന്നുനടന്നുകൊൾവിൻ; അവൎആടുകളുടെ വേഷത്തോടെ നിങ്ങളുടെ പക്കൽ വരുന്നു, അകമേയൊ, അവർ കടിച്ചുകീറുന്ന ചെന്നായ്ക്കളാകുന്നു. നിങ്ങൾ അവരുടെ ഫലങ്ങൾകൊണ്ടു അവരെ അറിയും. മുള്ളുകളിൽനിന്നു മുന്തിരിങ്ങാപ്പഴങ്ങളൊ, ഞെരിഞ്ഞിലിൽനിന്നു അത്തിപ്പഴങ്ങളൊ (വല്ലവരും)പറിക്കുന്നുണ്ടോ? ഇപ്രകാരം നല്ല വൃക്ഷമൊക്കെയും നല്ല ഫലങ്ങളെ തരുന്നു; ദുഷ്ടവൃക്ഷമോ, ദുഷ്ട ഫലങ്ങളെ തരുന്നു. സദ്വൃക്ഷത്തിന്നു ദുഷ്ടഫലങ്ങളെ തരുവാനും, ദുഷ്ടവൃക്ഷത്തിന്നു സൽഫലങ്ങളെ തരുവാനും കഴികയില്ല. നല്ല ഫലം തരാത്തവൃക്ഷങ്ങളൊക്കെയും വെട്ടപ്പെട്ടു അഗ്നിയിൽ ഇടപ്പെടും. ആകയാൽ നിങ്ങൾ അവരുടെ ഫലങ്ങൾ മൂലം അവരെ അറിയും". (മത്തായി ൭. ൧൫–൨൦)

"കൎത്താവേ! കൎത്താവേ! എന്നു എന്നോടു പറയുന്ന എല്ലാവരും ആകാശരാജ്യത്തിൽ പ്രവേശിക്കയില്ല; സ്വൎഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനേ സ്വൎഗ്ഗരാജ്യത്തിൽ പ്രവേശിക്കയുള്ളു. ആ നാളിൽ പലരും എന്നോടു: കൎത്താവേ! ഞങ്ങൾ നിന്റെ നാമത്തിൽ ദീൎഘദൎശനം പറകയും, നിന്റെ നാമത്തിൽ പിശാചുക്കളെ ഓടിക്കയും നിന്റെ നാമത്തിൽ വളരെ അത്ഭുതങ്ങളെ പ്രവൎത്തിക്കയും ചെയ്തിട്ടില്ലയൊ എന്നു പറയും അപ്പോൾ ഞാൻ അവരോടു: ഒരുനാളും നിങ്ങളെ ഞാൻ അറിഞ്ഞിട്ടില്ല, ദുഷ്ടതപ്രവൎത്തിക്കുന്നവരേ! എന്നിൽനിന്നു നിങ്ങൾ അകന്നുപോകുവിൻ എന്നു തീൎത്തുപറകയും ചെയ്യും". (മത്തായി ൭. ൨൧–൨൩.)

"ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ഇവയെ നിവൃത്തിക്കുന്ന ഏവനും തന്റെ വീടു ഒരു പാറയിന്മേൽ പണിത ബുദ്ധിയുള്ള മനുഷ്യനോടു സദൃശനാകും. മഴപെയ്തു, നദികൾ വന്നു, കാററു അടിച്ച്, ആ വീടിന്മേൽ തട്ടി, എന്നാറെയും അതു വീണില്ല. എന്തുകൊണ്ടെന്നാൽ അതു ഒരു പാറയിന്മേൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. എന്നാൽ എന്റെ ഈ വചനങ്ങളെ കേട്ടു അവയെ നിവൃത്തിക്കാതിരിക്കുന്ന ഏവനും തന്റെ വീടു മണലിന്മേൽ പണിചെയ്തു ഭോഷനായ മനുഷ്യന്നു സദൃശനായിരിക്കും. മഴപെയ്തു; നദികൾ വന്നു, കാററടിച്ചു; ആ വീടി

ന്മേൽ തട്ടി, അതു വീഴുകയും ചെയ്തു. അതിൻെറ നാശം വലുതായി." (മത്തായി ൭. ൨൪-൨൭).

മലയിലെ പ്രസംഗം ഇവിടെ അവസാനിക്കുന്നു.

ദൈവപുത്രൻെറ സുവിശേഷപ്രസംഗത്തെ കേട്ട പുരുഷാരങ്ങൾ അങ്ങേ ദിവ്യോപദേശങ്ങളെക്കുറിച്ചു ആശ്ചര്യപ്പെട്ടിരുന്നു. സപ്രേന്മാരേയും ഫ്രീശേന്മാരേയും പോലെയല്ല, അധികാരമുള്ള ആളെപ്പോലെയാണ് ഈശോ മ്ശിഹാ പ്രസംഗിച്ചിരുന്നത്. പ്രസംഗം കഴിഞ്ഞ് മലയിൽ നിന്നു ഇറങ്ങിയപ്പോൾ അങ്ങേ ചുററി വളരെ പുരുഷാരം നില്ക്കയിൽ, ഒരു കുഷ്ഠരോഗി അങ്ങേമുമ്പിൽവന്ന് സാഷ്ടാംഗംചെയ്തു തന്നെ സൌഖ്യപ്പെടുത്തുവാൻ അപേക്ഷിച്ചു. ഉടനെ ഈശോ ദയയോടേ അവൻെറമേൽ അങ്ങേ തൃക്കൈ നീട്ടി അവനെ തൊട്ടു "ഞാൻ മനസ്സാകുന്നു, നീ സുഖപ്പെടുക" എന്നരുളിച്ചെയ്തു. അക്ഷണത്തിൽ അവൻെറ കുഷ്ഠം ശമിക്കയും ചെയ്തു. ഈ അത്ഭുതം അങ്ങേ സ്വർഗ്ഗീയപഠനത്തിന്നു ഒരു ദിവ്യമുദ്രപോലെ സകലർക്കും പ്രത്യക്ഷപ്പെട്ടു.

പ്രസംഗത്തിൻെറ സാരാംശങ്ങൾ.

ദൈവപുത്രനായ ഈശോ മ്ശിഹാ ഈലോകത്തിൽ വരുന്ന സകല മനുഷ്യരേയും പ്രകാശിപ്പിക്കുന്ന വെട്ടമാകുന്നു; തന്നെ അനുഗമിക്കുന്നവൻ ഇരുട്ടിൽ അകപ്പെടുകയില്ല. മനുഷ്യൻെറ ബോധത്തെ പ്രകാശിപ്പിച്ചു സ്വർഗ്ഗീയപാതയിൽ അവനെ നടത്തികൊണ്ടുപോകുന്നതിന്നു ആവശ്യപ്പെട്ടിരിക്കുന്ന പ്രധാന സത്യങ്ങളെക്കുറിച്ചു ഈ പ്രസംഗത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

൧). മനുഷ്യൻെറ ഭാഗ്യം. ലോകമായങ്ങളിൽ അകപ്പെട്ടിരിക്കുന്ന മനുഷ്യർ തങ്ങളുടെ ഭാഗ്യം സമ്പത്തു, ബഹുമാനം, സന്തോഷംഇത്യാദികളിൽ ആണെന്നു തെററിധരിക്കുന്നു. ഈ ഭിമാബദ്ധത്തെ ദൂരീകരിപ്പാൻവേണ്ടി ആരംഭത്തിൽതന്നെ ഏവൻഗേലിക്കടുത്ത എട്ടു ഭാഗ്യങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നു. മനുഷ്യൻെറ ഭാഗ്യം കണ്ണുനീർ 'കനവാ' ആയ ഈ ഭൂമിയിലല്ല, സ്വർഗ്ഗത്തിലത്രെ. ഈ ജീവിതം ഒരു വഴിയാത്രയാകുന്നു. സമ്പത്തു, ബഹുമാനം, സന്തോഷം ഇത്യാദികൾ മനുഷ്യ ഹൃദയത്തെ പ്രപഞ്ചത്തിന്നുകീഴ്പ്പെടുത്തുന്നു. പ്രത്യുത ദ്രവ്യപരിത്യാഗവും, ദുഃഖാരിഷ്ടകളും, ദൈവത്തെപ്രതി സഹിക്കുന്ന എല്ലാ പിഡകളും സൃഷ്ടികളിൽനിന്നു മനുഷ്യനെ ഉയർത്തി സൃഷ്ടിതാവിനോടു ചേർക്കുന്നു. സ്വർഗ്ഗത്തിൽ വലിയ സമ്മാനത്തിന്നും അവനെ പാത്രവാനാക്കുന്നു. ആകയാൽ ഇവയത്രെ ഇഹത്തിൽ മനുഷ്യന്നു ഭാഗ്യങ്ങളായിരിക്കുന്നത്.

൨). ശിഷ്യരോടുള്ള ഉപദേശം. മ്ശിഹാകർത്താവു് ശ്ലീഹന്മാരേയും ശിഷ്യഗണങ്ങളേയും ലോകത്തിൻെറ പ്രകാശമായിട്ടും ഭൂമിയുടെ ഉപ്പായിട്ടും സങ്കല്പിച്ചു പ്രത്യേകോപദേശങ്ങൾ നൽകുന്നു.

൩). കൊല്ലരുത്, വ്യഭിചാരംചെയ്യരുതു, കള്ളസത്യം പറയരുത് എന്നിത്യാദി പ്രമാണങ്ങളെ വ്യാഖ്യാനിച്ചു പഠിപ്പിക്കുന്നു. അവമൂലം അനേക സദുപദേശങ്ങളെ നൽകുന്നു.

൪). പ്രതീകാരം ചെയ്യാതെ ഒഴിഞ്ഞുമാറുവാനും സമാധാനശീലരായി ഈ ലോകവാസം കഴിച്ചുകൂട്ടുവാനും ഉപദേശിക്കുന്നു. ശത്രുക്കളെ സ്നേഹിക്കുവാൻ പഠിപ്പിക്കുന്നു.

൫) ദാനം ചെയ്യുന്നതിലും നോമ്പു നോൽക്കുന്നതിലും മററും, വ്യർത്ഥാഗ്രഹവും കപടഭക്തിയും ഉണ്ടാകരുതെന്നു ബലമായി ഉപദേശിക്കുന്നു. പ്രാർത്ഥിക്കേണ്ടതെങ്ങിനെയെന്നു ചൊല്ലിത്തന്നുപഠിപ്പിക്കുന്നു.

൬). സമ്പത്തു, ഭൂമിയിൽ ശേഖരിക്കാതെ, സ്വർഗ്ഗത്തിൽ ശേഖരിപ്പാൻ പഠിപ്പിക്കുന്നു. ഭക്ഷണത്തെക്കുറിച്ചും വസ്ത്രത്തെ സംബന്ധിച്ചും മററും അധികമനോവ്യഥയുള്ളവരാകാതെ, ദൈവരാജ്യത്തെക്കുറിച്ചും നിത്യകാര്യങ്ങളെപ്പററിയും അത്യന്തതാല്പര്യം വെക്കണമെന്നു ഉപദേശിക്കുന്നു. സകലവും ഭരിച്ചുനടത്തുന്ന സ്വർഗ്ഗീയപിതാവിൻെറ 'വിചാരണ'യ്ക്കു സകലതും നാം ഭരമേൽപ്പിച്ചുകൊണ്ടു ഹൃദയസമാധാനത്തോടുകൂടെ ജീവിപ്പാൻ ഉപദേശിക്കുന്നു.

൭). അന്യന്മാരെ വിധിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളണമെന്നും, വിഗ്ര

ദ്ധ വസ്തുക്കളെ അയോഗ്യന്മാൎക്കു കൊടുക്കരുതെന്നും ഉപദേശിക്കുന്നു.

വ്വ). ജപം ശരിയായി എത്തിപ്പാൻ നമ്മോടു ഉപദേശിക്കുന്നു. അപ്പനോടു മകൾ വിശ്വാസപൂൎവ്വം ചോദിക്കുന്നതുപോലെ, നാം സ്വൎഗ്ഗസ്ഥനായ പിതാവിനോടു വിശ്വാസപൂൎവ്വം ചോദിക്കണമെന്നു ദൃഷ്ടാന്തരൂപേണ പഠിപ്പിക്കുന്നു.

ൻ). നിത്യരക്ഷ പ്രാപിപ്പാനാഗ്രഹിക്കുന്നവർ ഇടുങ്ങിയ വാതലിലൂടെ പ്രവേശിച്ചു ഞെരുക്കമുള്ള വഴിയെ നടപ്പാൻ ഉപദേശിക്കുന്നു. വിസ്താരമുള്ള വഴി നാശത്തിലേക്കു നയിക്കുന്നതാണ്.

൧൦) കപടദീൎഘദൎശികളെ അവരുടെ പ്രവൃത്തികൊണ്ടു അറിയണമെന്നും സൽഫലം നൽകാത്ത വൃക്ഷം വെട്ടപ്പെട്ടു തീയിലിടപ്പെടുമെന്നും പഠിപ്പിക്കുന്നു.

൧൧). ദൈവചിത്തത്തോടുള്ള ഐക്യം സകല പുണ്യങ്ങളുടെയും സംഗ്രഹമാകുന്നു. ഈ പുണ്യം അനുസരിപ്പാൻ സകലൎക്കും കടമയുണ്ട്. ആകയാൽ "സ്വൎഗ്ഗസ്ഥനായ എൻെറ പിതാവിൻെറ ഇഷ്ടം ചെയ്യുന്നവനേ സ്വൎഗ്ഗരാജ്യത്തിൽ പ്രവേശിക്കയുള്ളു" എന്നു പഠിപ്പിക്കുന്നു.

൧൨). ഈ സ്വൎഗ്ഗീയപാഠങ്ങളെ കേട്ടു അനുസരിക്കുന്നവർ സകല പരീക്ഷകളും ജയിച്ചു, പാറമേൽ പണിയപ്പെട്ട വീടുപോലെ സ്ഥിരമായി നിൽക്കുമെന്നും, അനുസരിക്കാത്തവൻ മണലിൽ പണിയപ്പെട്ട വീടുപോലെ വീണുപോകുമെന്നും പറഞ്ഞുകൊണ്ടു കൎത്താവു പ്രസംഗം അവസാനിപ്പിക്കുന്നു.

ഫാദർ അലക്സാണ്ടർ സി. ഡി.

## അമ്മയും മക്കളും.

വളരെക്കാലം മിഷ്യനരി ജോലി വഹിച്ചിരുന്ന ഒരു മഹാ ഭക്തനായ വൈദികൻ ഷിക്കാഗൊ പട്ടണത്തിൽ വസിച്ചിരുന്നു. ഒരു ദിവസം വൈകുന്നേരം ഇദ്ദേഹം വളരെപ്പേരെ കുമ്പസാരിപ്പിച്ചശേഷം പതിവനുസരിച്ചു ദൈവാലയത്തിൻെറ ഒരു ഭാഗത്തുള്ള കപ്പേളയിൽ മുട്ടുകുത്തി തൻെറ സന്ധ്യാജപങ്ങളെ എത്തിച്ചുകൊണ്ടിരുന്നു. ദൈവാലയ ശുശ്രൂഷി, പള്ളിവാതലുകളെല്ലാം അടച്ചു ദീപങ്ങളും കെടുത്തി സ്വന്തവസതിയിലേക്കു മടങ്ങി. ദിവ്യകാരുണ്യത്തിൻ മുമ്പാകെ തൂക്കിയിരുന്ന വിളക്കിലെ ദീപം മാത്രം മങ്ങി മങ്ങി കത്തിയിരുന്നു. നമ്മുടെ വൈദികൻ പ്രാൎത്ഥനകളെല്ലാം കഴിച്ചശേഷം "സങ്കീൎത്തി" മുറിയിൽ കൂടി പുറപ്പെടാമെന്നു കരുതി പ്രധാന മദ്ബഹായുടെ സമീപത്തുചെന്നു. അപ്പോൾ ദിവ്യകാരുണ്യപീഠത്തിനടുത്തു താഴെയായി രണ്ടുപേർ മുട്ടുകുത്തി നില്ക്കുന്നതു കണ്ടു.

ദൈവശുശ്രൂഷി പള്ളിവാതലുകൾ ഭദ്രമായി അടച്ചിട്ടും ഈ അസമയത്തു പള്ളിയിൽ പ്രാൎത്ഥിച്ചുകൊണ്ടു നില്ക്കുന്ന ഇവർ ആരായിരിക്കാമെന്ന് വിസ്മയപൂൎവ്വം വിചാരിച്ച് അദ്ദേഹം കുറെക്കൂടി അടുത്തുചെന്നു സൂക്ഷിച്ചുനോക്കി. രണ്ടു ചെറിയ കുട്ടികൾ വെള്ള സൎപ്ലേസുകൾ ധരിച്ചും വലതുകരങ്ങളിൽ കത്തിച്ച മെഴുകുതിരികൾ പിടിച്ചുകൊണ്ടും മഹാ ഭക്തിവിനയസമേതം ജപം ചെയ്തു നില്ക്കയായിരുന്നു. ജപത്തിൽ നിമഗ്നരായിരുന്ന കുട്ടികൾ അദ്ദേഹം സമീപത്തു ചെന്നിട്ടും അറിഞ്ഞില്ല.

ബ്രഹ്മാണ്ഡമായ ആ ദേവാലയത്തിൽ ഇരുട്ടത്ത് ഇത്ര വളരെ നേരമായിട്ടും തനിയേ നിൽക്കുന്ന രണ്ടു ചെറിയ കുട്ടികളുടെ ധീരതയെപ്പററി അദ്ദേഹത്തിന് അത്ഭുതം തോന്നാതിരുന്നില്ല. പള്ളിയിൽ ഇത്രയേറെനേരം താമസിക്കുന്നതിൻെറ കാരണം എന്താണെന്നു ചോദിക്കുന്നതിനായി ഭാവിച്ചപ്പോഴേക്ക് കുട്ടികൾ ഇരുവരും ഝടിതിയിൽ എഴുന്നേററ്, പള്ളിയിൽനിന്ന് പുറപ്പെട്ടു പൂമുഖത്തിൽ എത്തി. തന്നെ കണ്ടതുകൊണ്ടുണ്ടായ ഭയം നിമിത്തമാണ് അവർ ഇപ്രകാരം ഇറ

ങ്ങിപ്പോകുന്നതിന്ന് കാരണമായതു എന്ന് ആ വൈദികൻ വിചാരിച്ച്, അദ്ദേഹം സ്നേഹവാക്കുകൾകൊണ്ടു അവരെ ധൈൎയ്യപ്പെടുത്തുവാൻ ശ്രമിച്ചതിൽ അതിനെ ശ്രദ്ധിക്കയാവട്ടെ പള്ളിവാതുക്കൽനില്ക്കയാവട്ടെ ചെയ്തില്ല. വൈദികൻ അവരെ പിന്തുടൎന്നു. എന്നാൽ ആശ്ചൎയ്യം!! പൂമുഖത്തിൻെറ വാതുക്കൽ അവർ എത്തിയപ്പോൾ അതിൻെറ കതകുകൾ തന്നത്താൻ തുറക്കയും കുട്ടികൾ ക്രൂരിരുട്ടത്ത് തെരുവീഥിയിൽ മറകയും ചെയ്തു. ഈ കാഴ്ചയാൽ വിസ്മയഭരിതനായ ആ പട്ടക്കാരൻ, ദൈവം ഈരണ്ടു ദൂതന്മാർ വഴിയായി ഒരു അത്ഭുതസംഗതി അറിയിപ്പാൻ തിരുമനസ്സായതാണെന്ന് സ്വൎഗ്ഗീയപ്രേരണയാൽ ഗ്രഹിച്ച് അദ്ദേഹം സ്വല്പനേരത്തേക്ക് സംശയിച്ചു നിന്നുപോയി. എങ്കിലും പിന്നീട് ഒരു അദൃശ്യമായ കരംകൊണ്ട് മുമ്പോട്ട് തള്ളപ്പെട്ടതുപോലെ അദ്ദേഹം ആ കുട്ടികളെ അനുഗമിച്ചു. ഈ സമയത്തു പള്ളിവാതൽ സാവധാനമായി അടയുന്നസ്വരം കേൾക്കയും ഉണ്ടായി.

തെരുവീഥികൾ നിശ്ശബ്ദമായും, സകലതും മൌനാബ്ധിയിൽ നിമഗ്നമായും ഇരുന്നിരുന്നു. കുട്ടികളുടെ കയ്യിലുണ്ടായിരുന്ന മെഴുകുതിരികൾ വഴിയിൽ വെളിച്ചം കാണിച്ചിരുന്നു. ദൈവം തനിക്കു ചെയ്ത ഈ മനോഗുണത്തെക്കുറിച്ച് അദ്ദേഹം ഹൃദയപൂൎവ്വം സ്തോത്രം ചെയ്തിരുന്നു. ഒടുവിൽ കുട്ടികൾ ഒരു പാപപ്പെട്ട വീടിൻെറ മുമ്പിൽവന്നുനില്ക്കയും ഗുരു മുമ്പേ നടക്കുന്നതിന് വഴിമാറിക്കൊടുക്കയുംചെയ്തു. അനന്തരം അവിടെയുണ്ടായിരുന്ന ഒരു ഗോവണിയുടെ മുകളിലേക്ക് കുട്ടികൾ ത്വരയോടെ കയറിപ്പോയി. ഗുരു ഒരു ക്ഷണനേരം പോലും വ്യഥാ കളയാതെ മഹാ തീഷ്ണതയോടെധ്യാനിച്ചുകൊണ്ടും നടന്നുപോയി. പെട്ടെന്ന് അദ്ദേഹത്തിൻെറ മാൎഗ്ഗദൎശകന്മാർ രണ്ടുപേരും അദ്ദേഹത്തെ ആ ക്രൂരിരുട്ടിൽ തനിയെ വിട്ടുംവച്ച് അപ്രത്യക്ഷരായി. ഇപ്രകാരം അവർ തങ്ങളുടെ ജോലിയെ നിൎവ്വിഘ്നം നിൎവ്വഹിക്കയും ചെയ്തു. ആ സമയം ഒരു വാതലിൻെറ വിടവിൽക്കൂടെ ഒരു മങ്ങിയ വെളിച്ചം അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ പതിച്ചു. ഉടനെ അദ്ദേഹം വാതലിൽ മുട്ടുകയും, കുറച്ചുകഴിഞ്ഞപ്പോൾ ഉള്ളിൽ നിന്നുണ്ടായ ഒരു സ്വരം അദ്ദേഹത്തെ അകത്തേക്കു ക്ഷണിക്കയും ചെയ്തു അദ്ദേഹം അകത്തുപ്രവേശിച്ചപ്പോൾ നരച്ച ഒരു വൃദ്ധൻ അദ്ദേഹത്തിൻെറ നേരെ ചെന്നുകൊണ്ട് മുറിയുടെ വലതുഭാഗത്തെ മൂലയിൽ ഉണ്ടായിരുന്ന ഒരു കിടക്കയെ ചൂണ്ടിക്കാണിച്ചു.

ഗുരു ആഭാഗത്തേക്കു തിരിഞ്ഞുനോക്കിയപ്പോൾ മെലിഞ്ഞു അസ്ഥിമാത്രം ശേഷിച്ചിട്ടുള്ളതും, ആസന്ന മരണാവസ്ഥയിൽ എത്തിയിരുന്നതുമായ ഒരു മനുഷ്യരൂപം പുതപ്പിൽ മൂടിക്കിടക്കുന്നതായി കിടക്കയിൽ കണ്ടു. അതിൻെറശേഷം ആ വൃദ്ധൻ ഗുരുവിൻെറ കൈകളിൽ പിടിച്ച് ദൈവനാമത്തിൽ അദ്ദേഹത്തിനു സ്വസ്തിചൊല്ലി കരങ്ങളെ ചുംബനം ചെയ്തുകൊണ്ട്, "എൻെറ ഭാൎയ്യയായ ഇവൾക്കു ദീനം പിടിപെട്ടിട്ട് വളരെനാളായി, എന്നാൽ ഈരാത്രിയിൽ ആയതു അത്യന്തം വിഷമാവസ്ഥയിൽ എത്തിയിരിക്കുന്നതായും അവളുടെ ജീവിതം മിക്കവാറും അവസാനിച്ചതായും തോന്നുന്നു" എന്നു പറഞ്ഞു. ഈ വാക്കുകൾ പറഞ്ഞപ്പോൾ ദീനക്കാരി കണ്ണുകൾ തുറന്നു. ഗുരു അവളുടെനേരെ കുനിഞ്ഞ് അവളുടെ ശോഷിച്ച കയ്യിൽ പിടിക്കയും, മരണം ഏററവും സമീപിച്ചിരിക്കുന്നതായി ധരിപ്പിക്കയും ചെയ്തു. നിങ്ങൾ കുറേനേരത്തെ എന്നെ ഇവിടേക്കു വിളിക്കേണ്ടുതായിരുന്നു എങ്കിലും സമയം അത്രക്കു കടന്നിട്ടില്ലെന്നു തോന്നുന്നു എന്നു പറഞ്ഞുകൊണ്ട് ക്ഷണത്തിൽ അദ്ദേഹം മരണമാത്രയിൽ എത്തിയിരിക്കുന്ന ആ സ്ത്രീയുടെ പാപസങ്കീൎത്തനം കേൾക്കയും, കുൎബ്ബാന എഴുന്നള്ളിച്ചുകൊണ്ടു വരുന്നതിനായി പള്ളിയിലേക്കു പോകയുംചെയ്തു. ഈ സമയംകൊണ്ടുരോഗിണി വി. കുൎബ്ബാന ഉൾക്കൊള്ളുന്നതിന് തൻെറ ഹൃദയത്തെ വേണ്ടവിധത്തിൽ ഒരുക്കി. തൻെറ വീട്ടിലേക്കുള്ള ദിവ്യകൎത്താവിൻെറ വരവിന് വേണ്ട ഒരുക്കങ്ങൾ ആ മുറിയിൽ വൃദ്ധനും ചെയ്തു. ഗുരു വന്നപ്പോൾ ദീനക്കാരി ഏററവും അന്ത്യസമയത്തെ പ്രാപി

ച്ചിരിക്കുന്നതായി കണ്ടു, എങ്കിലും അവൾ ഏററവും ഭക്തിയോടുകൂടി അവളുടെ ദിവ്യകത്താവിനെ ഉൾക്കൊണ്ടു. അപ്പോൾ അവളുടെ മുഖത്തു മാലാഖാസ്സടുത്ത ഒരു പുഞ്ചിരിയുണ്ടാകയും, പരമകാരുണികനായ ദൈവത്തിൻെറ സമാധാനവെളിച്ചം അവളിൽ പ്രത്യക്ഷമാകയുംചെയ്തു. പെട്ടെന്നു ആ ഗുരുവിൻെറ മനസ്സിൽ ഒരു വിചാരം കടക്കയാൽ, അദ്ദേഹം ആ വൃദ്ധൻെറനേരെ തിരിഞ്ഞ് നിങ്ങൾക്കു മക്കൾ ഉണ്ടായിരുന്നോ? എന്നു ചോദിച്ചു. അയാൾ, എനിക്കു രണ്ടു ആൺകുട്ടികൾ ഉണ്ടായിരുന്നു എന്നും, അവർ എല്ലാസമയവും വിശുദ്ധ കുർബാനസ്സു ശുശ്രൂഷചെയ്യുന്നതിൽ അത്യന്തം താല്പര്യക്കാരായിരുന്നു എന്നും, എന്നാൽ ദൈവം അവരെ തീരെ ചെറുപ്പത്തിലെ തങ്ങളിൽനിന്നു എടുത്തുകളഞ്ഞു എന്നും പറഞ്ഞു. ഈ ചോദ്യോത്തരങ്ങളെല്ലാം മരിക്കാറായികിടന്നിരുന്ന ആ സ്ത്രീ കേട്ടുകൊണ്ടു കിടന്നിരുന്നു. ഇങ്ങനെയുള്ള കഥകൾ കേട്ടപ്പോൾ ആ ഗുരുവിൻെറ മനസ്സിൽ ഒരു ദിവ്യവിചാരം ഉണ്ടായി. അദ്ദേഹം ദീനക്കാരിയുടെ നേരെ തിരിഞ്ഞുകൊണ്ട് ഇപ്രകാരം മന്ദമായി ചോദിച്ചു. ഈ രാത്രിയിൽ എന്നെ നിങ്ങളുടെ അടുക്കലേക്കു ആനയിപ്പിച്ചതു് ആരാണെന്നറിയുന്നതിനു താല്പര്യമുണ്ടോ? ഉണ്ട്, എന്നു അവൾ ആംഗ്യംകൊണ്ടു മനസ്സിലാക്കിയപ്പോൾ അദ്ദേഹംതുടൎന്നു; അന്തിമക്രൂദാശകൾ കൈക്കൊള്ളാതെ നിങ്ങൾ മരിക്കാതെയിരിക്കുന്നതിലേക്ക്, എനിക്കു മാൎഗ്ഗദൎശകന്മാരായി ആകാശത്തിൽ നിന്ന് ദൈവത്താൽ അയക്കപ്പെട്ടവരായ അവർ രണ്ടുപേരും (കുട്ടികളുടെ കഥയെപ്പററി അവരെ മനസ്സിലാക്കിയതിൻെറശേഷം) നിങ്ങളുടെ മരിച്ചുപോയ ചെറിയ പുത്രന്മാരാണ്. അടക്കരുതാത്ത ഒരു സന്തോഷം അവളുടെ മുഖത്തിൽ അപ്പോൾ ഉണ്ടാകയും, അവൾ നന്ദിസൂചകമായി ചില വാക്കുകൾ ഉച്ചരിച്ചുകൊണ്ട് ഉടനെ കത്താവിൽ നിദ്രപ്രാപിക്കയും ചെയ്തു. ഇപ്രകാരം, പുണ്യത്തിലും ഭക്തിയിലും വളൎത്തിയ രണ്ടു പുത്രന്മാരെയും അവൾ സ്വൎഗ്ഗത്തിൽ കണ്ടാനന്ദിച്ചു. സൂർപ്ലസ് ധരിച്ചും, കത്തിച്ച മെഴുകുതിരികൾ കയ്യിൽപിടിച്ചും, ഭക്തവാത്സല്യം വിശിക്കൊണ്ടിരിക്കുന്നതായ മുഖരൂപത്തോടുംകൂടിയ ഛായയിൽ ആ രണ്ടു ചെറിയ കുട്ടികളുടെ പ്രതിമകളെ ഷിക്കാഗൊ പട്ടണത്തിലുള്ള പ്രസ്തുത ദേവാലയത്തിൻെറ വാതുക്കൽഇട്ടിരിക്കുന്ന കല്ലിൽ, ഈ അത്ഭുതസംഭവത്തിൻെറ സ്മാരകമായി കൊത്തിച്ചിട്ടുള്ളത് ഇന്നും കാണാവുന്നതാണ്.

മക്കളെ പുണ്യത്തിലും സന്മാൎഗ്ഗത്തിലും സച്ഛ്രദ്ധാ വളൎത്തുന്ന മാതാപിതാക്കന്മാൎക്ക് ഇതൊരു പ്രേരണയായിരിക്കട്ടെ.

ഫാദർ മർസലിൻ സി. ഡി.

# പൌരസ്ത്യ സഭ.

## II.

ഫോഷ്യസിൻെറ കാലശേഷം ഏകദേശം നൂററമ്പതു കൊല്ലങ്ങളോളം പാശ്ചാത്യസഭയോടു യോജിച്ചുതന്നെയാണ് പൌരസ്ത്യസഭ വൎത്തിച്ചുപോന്നിരുന്നതെങ്കിലും, ഈ യോജിപ്പ് ഒട്ടുംതന്നെ ഹാർദ്ദവമായ ഒന്നായിരുന്നില്ല. ഭരണസംബന്ധമായ ചില കാൎയ്യങ്ങൾ സംബന്ധിച്ച് കിഴക്കരും പടിഞ്ഞാറുകാരും തമ്മിൽ ഉണ്ടായ സ്വാരസ്യേർച്ചയില്ലായ്മയും ഏതൽക്കാൎയ്യസംബന്ധമായി ഇരുഭാഗക്കാരും പ്രയോഗിച്ച ചില അനാശാസ്യവാക്കുകളും ആണ് പൌരസ്ത്യരുടെ ഇടയിൽ ഒരുവക അസ്വാരസ്യം ഉണ്ടാക്കിത്തീൎത്തതു്. ഇപ്രകാരം ഉൽഭൂതമായ വിരോധാഗ്നിസ്ഫുലിംഗങ്ങളെ ഊതിയെരിച്ച് ഒരു ഭയങ്കരാഗ്നിയാക്കിത്തീൎത്തതു്, “മൈക്കൽ

സെരുലേറിയസ്" എന്ന പേരായ ഒരു നായകനാണ്. ഫോഷ്യസിനേക്കാൾ പലതുകൊണ്ടും അയോഗ്യനായിരുന്നെങ്കിലും ഇയ്യാൾക്കു തന്റെ പുരോഗാമിയേക്കാൾ കൂടുതൽ ചുണയും ധൈൎയ്യവും ഉണ്ടായിരുന്നു. ഇയ്യാൾ ആദ്യം ഒരു രാജദ്രോഹക്കുറ്റത്തിൽഉൾപ്പെട്ടകയാൽതടവിൽ പാൎക്കുന്നതിനു ഗവൎമ്മെൻറുശിക്ഷ കിട്ടുകയുണ്ടായി. അപ്പൊഴേക്കു, സന്യാസി ആയിക്കളയാമെന്നു തീരുമാനപ്പെടുത്തി, താൻ ആശ്രമവാസവും തുടങ്ങി. ആയിടയ്ക്കു ഈ കള്ളസന്യാസിയുടെ കൂട്ടുകാരനായി രാജദ്രോഹം ചെയ്തു ഒരു പുരുഷൻ ചക്രവൎത്തിയുടെ സിംഹാസനത്തിൽ ആരോഹണം ചെയ്തു. അതോടുകൂടിത്തന്നെ നമ്മുടെ "സന്യാസിവൎയ്യൻെറ" ശ്രീയും ഉച്ചൈസ്സുമമായി. അടുത്ത ആണ്ടിൽതന്നെ കൊൺസ്റ്റാൻറിനോപ്പിൾ പാത്രിയൎക്കീസ് സ്ഥാനം ഒഴിവാകുകയാൽ 'സെരുലേറിയസ്" ആ സ്ഥാനത്തേക്കു നിയമിക്കപ്പെട്ടു.

ഇപ്രകാരം തനിക്കു സിദ്ധമായ ഉദ്യോഗത്തെ സൎവ്വസ്വാതന്ത്ര്യത്തോടുകൂടി വഹിക്കണമെന്ന് ഒരു ഭ്രാന്തി ഈ പുതിയ പാത്രിയൎക്കീസിന്റെ ഉള്ളിൽ കടന്നുകൂടി. പാശ്ചാത്യസഭയുടെ അംഗങ്ങളേയും മാൎപ്പാപ്പായേയും കുറിച്ച് പല ദൂഷ്യങ്ങളും ഇയ്യാൾ പറഞ്ഞുണ്ടാക്കി കാൎയ്യം ഗൌരവതരമായി പരിണമിച്ചപ്പോൾ പരിശോധനാൎത്ഥം മാൎപ്പാപ്പാ പ്രതിനിധികളെ അയച്ചു എന്നിട്ടും ഗണനീയമായ യാതൊരു വ്യത്യാസവും പാത്രിയൎക്കീസിന്റെ നടപടിയിൽ കാണായ്കയാൽ മുറയ്ക്കു അയാളേയും അയാളുടെ അനുഗാമികളേയും സോഫിയായിൽവച്ചു ഫാരൊൽ മഹറോൻ ചൊല്ലിയതിന്റെ ശേഷം അവർ തിരിച്ചുപോവുകയാണുണ്ടായത്. ഇതിന്റെശേഷം മഹറോൻ ചൊല്ലപ്പെട്ട പാത്രയൎക്കീസും തന്റെ അനുചരന്മാരുംകൂടി ഒരു സൂനഹദോസ് കൂട്ടുകയും, വേർപിരിവിന്റെ സകല കാരണങ്ങളും പാപ്പായുടെ പ്രതിനിധികളിൽ നിക്ഷേപിച്ചുകൊണ്ട് ഒരു പരസ്യകല്പന പൌരസ്ത്യ സഭയിലെല്ലായിടത്തും പ്രസിദ്ധപ്പെടുത്തുകയുംചെയ്തു റോമിലെ സകല പിടിയിൽനിന്നും വിമുക്തനായതിന്റെ ശേഷം ചക്രവൎത്തികളുടെ അധികാരങ്ങളേക്കൂടി അപഹരിക്കുന്നതിനായി ഇദ്ദേഹം ഒരുമ്പെട്ടു; ചില സംഗതികളിലൊക്കെയും താൻ വിജയി ആയി; എങ്കിലും ഒടുവിൽ രാജശാസനകൾക്ക് അടിപെട്ടു നാടുകടത്തപ്പെടുകയും അവിടെവച്ചു മരണംപ്രാപിക്കുകയും ചെയ്തു. എങ്കിലും ഫോഷ്യസിന്റെ കാലത്ത് കേവലം ഒരു ചെറുചെടിയായിരുന്ന ശീശ്മ ഇപ്പോഴേക്ക് വളൎന്നുപടൎന്ന് പൃഥ്വിയെ പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. അതിനാലല്ലയോ ഈ മുൾവൃക്ഷത്തെ വെട്ടി ദൂരെകളയുന്നതിനുള്ള അടുത്ത പത്തു ശതാബ്ദങ്ങളിലെ ശ്രമങ്ങളെല്ലാം നിഷ്ഫലമായിത്തീൎന്നിരിക്കുന്നത്?

ഇക്കാലശേഷം പശ്ചാത്യസഭയും പൌരസ്ത്യ സഭയും തമ്മിൽ ഉള്ള രസക്ഷയം വൎദ്ധിച്ചുവന്നതല്ലാതെ ഒട്ടുംതന്നെ കുറഞ്ഞതായി യാതൊരു ലക്ഷ്യവും കാണാനില്ല. ഈ രസക്ഷയത്തിനുള്ള ഒരു കാരണം പൌരസ്ത്യരുംപാശ്ചാത്യരുമായിട്ടുള്ള മിഷ്യനറിമാരിലാണെന്നു വലിയ സംശയങ്ങളൊന്നുമില്ലാതെതന്നെ പറയാവുന്നതാണ്. രണ്ടുകൂട്ടരും അന്യോന്യം അ

---

ബോസ്‌വെൽ: — റോമൻകത്തോലിക്കർ വിശ്വസിച്ചുവരുന്ന ശുദ്ധീകരണസ്ഥലത്തെപ്പറ്റി നിങ്ങളുടെ അഭിപ്രായമെന്താണെന്ന് അറിവാൻ കൌതുകമുണ്ട്.

ജോൺസൺ:- അത് ഒരു നിരുപദ്രവമായ തത്വമാണ്. മനുഷ്യഗണത്തിൽ ഭൂരിഭാഗം നിത്യനാശത്തെ അർഹിക്കാൻ മാത്രം അത്ര ദുഷ്ടതയുള്ളവരല്ലെന്നും, എങ്കിലും അനുഗ്രഹീതാത്മാക്കളുടെ കൂട്ടത്തിൽ പ്രവേശം ലഭിക്കാൻ മാത്രം അത്ര നല്ലവരല്ലെന്നുമാണു റോമൻ കത്തോലിക്കരുടെ വിശ്വാസം. ചില പ്രത്യേകവിധ പീഡകളാൽ ആത്മാക്കൾ ശുദ്ധീകരിക്കപ്പെടുന്നതിനായിട്ടു ഒരു മദ്ധ്യസ്ഥലം അനുവദിക്കുന്നതിനു ദൈവം തിരുമനസ്സായി എന്നു അവർ പറയുന്നതിൽ ബുദ്ധിവിഹീനമായി ഞാൻ യാതൊന്നും കാണുന്നില്ല. (ബോസ്വൽ എഴുതിയ ഡാക്ടർ ജോൺസന്റെ ജീവചരിത്രം ൧-ാം വാല്യം ൩൬൬-ാം പക്ഷം നോക്കുക.)

സൂയയോടുകൂടി പെരുമാറിയതാണ് അതിൻെറ പ്രധാന ഹേതു. പൊതുജനങ്ങളുടെ അജ്ഞതയും, രാജ്യകാൎയ്യങ്ങളെ സംബന്ധിച്ചുള്ള വ്യത്യാസങ്ങളും കൂടി ഇതിനോടു ചേൎന്നപ്പോഴേക്കു പൌരസ്ത്യസഭയുടെ പുനരൈക്യം മിക്കവാറും അസാദ്ധ്യമായിത്തന്നെ തീൎന്നു. വിശ്വാസ സംബന്ധമായ ചില വ്യത്യാസങ്ങൾ ഉണ്ടെന്നുള്ളതു വാസ്തവം തന്നെയാണ്. പക്ഷേ സാധാരണ ആളുകൾക്കു ഈ വക വ്യത്യാസങ്ങളൊന്നും മനസ്സിലാവുകയില്ല. അക്കാൎയ്യങ്ങളൊക്കെ വൈദികവിഷയങ്ങളിൽ നല്ല പരിജ്ഞാനമുള്ള ആളുകൾക്കു മാത്രമേ മനസ്സിലാക്കാൻ സാധിക്കയുള്ളു. അവ അത്ര സൂക്ഷ്മതരങ്ങളാണ്.

ഇപ്പോൾ പൌരസ്ത്യ സഭയിൽ ആകെപ്പാടെ ൧൨. കോടിജനങ്ങളാണുള്ളതു്. ഈ സഭകളെല്ലാംകൂടിയും ഛിന്നഭിന്നമായി പല ആധിപത്യത്തിലുമാണു കഴിച്ചുകൂട്ടുന്നതു്. റഷ്യാ, ഗ്രീസ്, മോണ്ടനീഗ്രോ, സൈപ്രസ്, ബൾഗേറിയാ, റുമേനിയാ, സെർവ്യാ ഈ പ്രദേശങ്ങൾക്കു വേറെവേറെ ജാതിയസഭകൾ ഉണ്ടു്. ഇതുകൂടാതെ കൊൺസ്റ്റാൻറിനോപ്പിൾ, അലക്സാന്ത്രിയാ, അന്ത്യോഖ്യാ, യറുശ്ലേം ഈ സ്ഥലങ്ങളിൽ ഓരോ പാത്രിയക്കാസിംഹാസനങ്ങളും ഉണ്ടു്. ഇപ്പറഞ്ഞ പാത്രിയക്കാ സിംഹാസനങ്ങൾ ഒഴിച്ചു മററുള്ള ജാതീയസഭകളിലൊക്കെയും ഭരണം നടത്തുന്നതു് അതതു ഗവൎമ്മേണ്ടിൻെറ കീഴിലുള്ള സൂനഹദോസുകളാണ്. അതിനാൽ ഈ രാജ്യങ്ങളിൽ മതവും രാജ്യഭാരവും തമ്മിൽ വേർതിരിക്കാൻ പാടില്ലാത്ത ഒരു ബന്ധം ഉണ്ടായിട്ടുണ്ടു്.

പൌരസ്ത്യസഭയിൽനിന്നു് ഏകദേശം ൩൦ ലക്ഷം ആളുകളോളമേ ഇപ്പോൾ കത്തോലിക്കസഭയിൽ ചേൎന്നിട്ടുള്ളു. ഏതാദൃശ മനസ്സുതിരിവിനുവേണ്ടി ആദ്യമായി പ്രസ്താവയോഗ്യമായ വിധത്തിൽ പ്രയത്നിച്ചിട്ടുള്ളതു് കാലംചെയ്ത പുണ്യശ്ലോകൻ ൧൩–ാം ലെയോമാർപ്പാപ്പായാണ്. പൌരസ്ത്യരായ ക്രിസ്ത്യാനികളെ അവരുടെ ശീശ്മയിൽനിന്നു വീണ്ടെടുക്കാൻ ശ്രമിച്ച ചില പാശ്ചാത്യമിഷ്യനറിമാർ, അവരെ ലത്തീൻ റീത്തിലേക്കു സ്വീകരിച്ചുവന്നിരുന്നു. ഇതു വളരെ ബുദ്ധിഹീനവും അനാവശ്യവുമായ ഒരു പ്രവൃത്തിയാണെന്നു ഗ്രഹിച്ചു് ആ വിശുദ്ധ പുരുഷൻ തൻെറ "Orientalium dignitas" എന്ന പ്രസിദ്ധ ഇടയലേഖനംമുഖേന ഏതാദൃശ പ്രവൃത്തികൾക്കു കൎശനശിക്ഷകൾ കല്പിക്കയുണ്ടായി. ഇതുകൂടാതെ പൌരസ്ത്യസഭയുടെ ആസ്ഥാനമായ കൊൺസ്റ്റാൻറിനോപ്പിളിൽ തന്നെ ഒരു കത്തോലിക്കമിഷ്യൻ അദ്ദേഹം സ്ഥാപിക്കുകയും ഈ മിഷ്യൻ ക്രമേണ വളൎന്നുവരികയാൽ അദ്ദേഹത്തിൻെറ പിൻഗാമിയായ പീയൂസു ദശമൻ പത്തു കൊല്ലങ്ങൾക്കുശേഷം അവൎക്കായിട്ടു് ഒരു കത്തോലിക്ക ഗ്രീക്കുമെത്രാനെ കല്പിച്ചുകൊടുക്കുകയും ചെയ്തു. അവരുടെ ഇടയിൽ കത്തോലിക്ക സ്കൂളുകളും സെമിനാരികളും ദേവാലയങ്ങളും ആണ്ടുതോറും വൎദ്ധിച്ചുവരുന്നുവെന്നു കാണുന്നതു് എത്രയോ ആശ്വാസകരമാണ്. പൌരസ്ത്യക്രിസ്ത്യാനികളുടെ പുനരൈക്യത്തിനുവേണ്ടി ഇപ്പോഴത്തെ പരിശുദ്ധ പിതാവും പലേ ഒത്താശകളും ചെയ്തുവരുന്നുണ്ടു്.

അതിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്ന്, അദ്ദേഹത്തിൻെറ പ്രധാനാധിപത്യത്തിലും, കൊൺസ്റ്റൻറിനോപ്പിൾ മെത്രാൻെറ പ്രത്യേക മേൽനോട്ടത്തിലും സ്ഥാപിതമായിരിക്കുന്ന 'Pro Orientalibus' എന്ന സ്ഥാപനമാണ്. ഇതിനിടെ റഷ്യയിലും, ഗ്രീസിലും കഴിഞ്ഞുകൂടിയിട്ടുള്ള പരിവൎത്തനങ്ങൾമൂലം ആ പ്രദേശങ്ങളിൽ പുനരൈക്യത്തിനു വളരെ വകയുണ്ടു്. റഷ്യയിൽതന്നെ ഇപ്പോഴേക്കു് അനേകായിരംപേർ മനസ്സുതിരിഞ്ഞു കഴിഞ്ഞിരിക്കുന്നു. അവൎക്കുവേണ്ടി ഇപ്പോൾ ഒരു മെത്രാപ്പോലീത്തായും രണ്ടു മെത്രാന്മാരും നിയമിക്കപ്പെട്ടിട്ടുണ്ടുതാനും. മാർപ്പാപ്പാ തിരുമേനി തന്നെ ഏതാനും മാസങ്ങൾക്കുമുമ്പു് പൌരസ്ത്യരുടെ മനസ്സുതിരിവിനെ ഉദ്ദേശിച്ചു ഒരു പ്രാൎത്ഥനയുണ്ടാക്കി വിതരണംചെയ്കയുണ്ടായി. കേരളീയകത്തോലിക്കർ ഈ ഘട്ടത്തിൽ പൌരസ്ത്യക്രിസ്തീയരുടെ പൊതുവേയുള്ള ഐക്യത്തെപ്പററിയും പ്രത്യേകിച്ചു നമ്മുടെ പ്രിയ സഹോദരങ്ങളുടെ യോജിപ്പിനെ

ലാക്കാക്കിയും ധനംകൊണ്ടും മനംകൊണ്ടും വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കേണ്ടതു് വളരെ അത്യാവശ്യമാണെന്നു പറഞ്ഞുകൊണ്ടു് ഈ ലേഖനത്തിന്റെ അവസാനവിരാമം ഇട്ടുകൊള്ളട്ടെ.

കെ. ഇ. ജോബ് ബി. ഏ.

## ശ്രീയേശുവിജയം (മലയാളമഹാകാവ്യം.)

(തുടർച്ച)

വരിഷ്ഠരാം വാനവന്മാർ
ദുരിതപ്രതിപത്തിയാൽ
എരിയും തീയ്യിലായ്ത്തീർന്ന
ചരിതം നീ മറന്നിതൊ? 104

കഷ്ടം ദൈവപ്രമാണത്തെ
സ്പഷ്ടമിന്നു മറുത്തു നീ
ഭ്രഷ്ടയായ്ത്തീർന്നു സൌഭാഗ്യം
നഷ്ടമാക്കിക്കളഞ്ഞിതൊ? 105

മോഹംനിമിത്തമയ്യൊ നീ
സാഹസത്തിനൊരുങ്ങിയോ?
ഹാഹന്ത കഠിനം ദൈവ
ദ്രോഹത്തിന്നു മുതിർന്നിതോ? 106

ദോഷത്തംകൊണ്ടു നീ പാമ്പിൻ
ഘോഷത്തെക്കേട്ടു സത്വരം
ദോഷത്തെച്ചെയ്തു ദൈവത്തിൻ
ദ്വേഷത്തിന്നിരയായിതൊ? 107

കുടിലൻ പന്നഗത്തിൻ ചൊൽ
പ്പടിയോ നിന്റെ ചേഷ്ടിതം?
വടിയാലവനേത്തല്ലി
പ്പൊടിയാക്കണമിക്ഷണം. 108

ഇന്നു ചാകാതിരുന്നാലും
വന്നുകൂട്ടും വിപത്തുടൻ
എന്നു ബോധിക്ക നീ, ഞാനൊ
തിന്നുകില്ലിതൊരിക്കലും. 109

നിലവിട്ടഴൽ വർദ്ധിച്ചു
നിലമായതിലാക്ഷണം
ബലമററു പതിച്ചേവം
വിലപിച്ചു വിലാസിനി. 110

കഷ്ടമയ്യൊ മഹാകഷ്ടം
നഷ്ടമെൻ ദിഷ്ടമൊക്കെയും
ഇഷ്ടനാം കാന്തനെവിട്ടു
ഭ്രഷ്ടയാം ഞാൻ മരിച്ചുപോം. 111

ചന്തമേറിട്ടമീദേഹം
ഹന്ത ഞാൻ സന്ത്യജിച്ചിട്ടും
അന്തരംഗത്തിലിക്കാര്യം
ചിന്തചെയ്യതു ദുസ്സഹം. 112

വിരസം ലേശമേശാതെ
വരസംപൂർണ്ണരായ് സദാ
സരസം വാണ നാം തമ്മിൽ
ത്തരസാ പിരിയേണമോ. 113

ക്ഷണനേരം പിരിഞ്ഞെന്നാൽ
കണകൊണ്ട കണക്കുടൻ
ഘൃണപൂണ്ടെത്തുമങ്ങിന്നീ—
യിണയെ വിട്ടിരിക്കുമോ. 114

ശ്രുതിതേടുന്നതായാലെൻ
ഗതിയെന്തെങ്ങു ചേർന്നിട്ടും
മതിതന്നിലിതോർക്കുമ്പോ
ളതിരററണയുന്നമാൽ. 115

വെന്തുവെന്തുരുകുന്നുള്ളം
നൊന്തുനൊന്തു തളർന്നു മെയ്
എന്തു ചെയ്യേണ്ടു ഞാൻ ജീവ—
തന്തുപററിട്ടമീക്ഷണം. 116

നയമേറിട്ടമെൻ പ്രാണ
പ്രിയനെന്നിലൊരല്പവും
ദയതോന്നാത്തതോർക്കുമ്പോൾ
ഭയമേറുന്നു നിർഭരം. 117

എന്നെപ്പിരിഞ്ഞിരുന്നീടാൻ
തന്നെയൊ കാന്തനാഗ്രഹം?
എന്നെന്നുമുള്ളം രണ്ടാൾക്കു—
മൊന്നെന്നിതു മറന്നിതോ? 118

വന്നിടും ഗുണദോഷങ്ങ—
ളൊന്നിച്ചനുഭവിക്കുവാൻ
മുന്നിട്ടു നിന്നിടേണം നാം
ഭിന്നിക്കരുതൊരിക്കലും. 119

വരുന്ന സുഖദുഃഖങ്ങ
ളൊരുപോലെ പകുത്തു നാം
ഇരുപേരുമെടുക്കേണ—
മരുതേ തെല്ലുമപ്രിയം. 120

സംശയം പോരുമെന്നോടു
ലേശം കരുണയില്ലയോ?
മോശമില്ലിതശിച്ചാലും
ക്ലേശം കളക വല്ലഭ! 121

ഇത്തരം പതിതൻ വാക്കാ
ലത്തലേററം വളൎന്നുടൻ
ച്ചിത്തം വെന്തു വശംകെട്ടു
ചത്തുപോലായി മാനുഷൻ. 122

നാവിന്നിളക്കമില്ലാതായ്
ഭൂവിൽ കണ്ണിണചേൎത്തവൻ
ആവിലംപൂണ്ടൊരുൾപ്പൂവി
ലീവിധം ചിന്ത തേടിനാൻ. 123

എന്തനൎത്ഥമനിഷ്ടം ഞാൻ
ഹന്തകാന്തക്കണച്ചുയൊ?
ചിന്തവിട്ടിപ്പഴം തിന്നി
ന്നന്തരിക്കുക യോജവാൽ? 124

കരുണാനിധി ദൈവത്തിൻ
തിരുവാക്കിനനാദരം
കരുതുന്നതുതന്നെയും
പെരുതായുള്ള പാതകം. 125

എന്നെ സൃഷ്ടിച്ചതെൻദേവ
നെന്നെപ്പാലിപ്പതങ്ങുതാൻ
എന്നെശ്ശിക്ഷിച്ചു തള്ളാനു
മെന്നെന്നും ശക്തനീശ്വരൻ. 126

മുട്ടാളനായി ഞാനങ്ങെ
വിട്ടാജ്ഞ നിരസിക്കിലൊ
മട്ടാകെമാറി നാശത്തിൽ
പ്പെട്ടാലംബനമററുപോം. 127

അകതാരിലിതോൎത്തിഞ്ഞൊ
നകളങ്കാദരത്തൊടും
സകലേശാൎച്ചനം രാവും
പകലും ചെയ്യണം മുദാ. 128

നവമെന്നവിധം മോദം
ദിവസേന വളൎത്തിടും
നവനീതാംഗിയോടിപ്പോ
ളിവനെന്തു കഥിക്കണം. 129

കേവലം സാധുവായോരെൻ
ജീവനാഥയൊടപ്രിയം
ആവതില്ലോതുവാനയ്യൊ
പാപം ചെയ്യേണ്ടതെന്തിവൻ. 130

കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.

## 'മുട്ടിയാൽ തുറക്കപ്പെടും' ഒരു പ്രഹസനം. ൫-ാം രംഗം (തുടൎച്ച)

(റോബൎട്ടും ഐസയും കരയാൻ ഭാവിക്കുന്നു. അച്ചൻ അവരെ ആലിംഗനം ചെയ്തുകൊണ്ടു) "നിങ്ങൾ ഇത്ര ഭീരുക്കളോ? ഇതാണോ അച്ചൻെറ ഉപദേശത്തിൻെറ ഫലം? ആട്ടേ, നേരം അധികമായി ഇനി നമുക്കു പ്രാൎത്ഥിക്കാം" (കുട്ടികൾ പാടുന്നു.)

സങ്കടസമുദ്രമതിൽവീണുകരകാണാ—
തങ്കമിടുമെത്രജനമിദ്ധരണിയിങ്കൽ,
നിങ്കഴലുപാൎത്തുകരയുന്നു ജഗദീശാ!
തങ്കണമദഭ്രകൃപയായവരിൽ നിത്യം. 1.

പങ്കമലവററിവരിലുണ്ടതുസമസ്തം,
നിങ്കരിശുചോട്ടിലിഹവെച്ചടിതൊഴുന്നേൻ;
തങ്കനിറമേനിയിലൊലിച്ചൊരുനിണത്തിൻ
പങ്കുചെറുതെങ്കിലുമിവൎക്കരുളവേണം. 2.

നിന്തിരുമുഖത്തിലഴകാൎന്നതടവീടും,
കാന്തിയിൽ മനം മുഴുകി വാഴുവതിനീശാ!
സന്തതകുസുമങ്കലതിമോഹമിയലുന്നേൻ,
ബന്ധമൊഴിവാക്കുക, തൊഴുന്നു പദയുഗ്മം. 3.

കീൎത്തി,ധനമെന്നിതുകളെന്തിനിവയെല്ലാം
വ്യൎത്ഥം,മിവിടത്തിൽ വെടിയേണമൊരുകാലം,
നിത്യസുഖമൊന്നുലഭിപ്പതിനു,വിഘ്നം
തീൎത്തിവരെ, മൂന്നടിനടത്തുകദയാബ്ധേ! 4.

ഏഴകളിവൎക്കുവഴിനീയൊഴികയില്ലീ—
യൂഴിയിലൊരേടവുമഖണ്ഡഗുണസിന്ധോ!
കേഴുകിലെടുത്തുമടിചേൎക്കാമരണത്തിൻ—
നാഴികയുമെണ്ണിയവിടത്തിലിവർവാഴാം. 5.

സ്തന്യമധുതന്നുസുഖമേററിയൊരുമാതാ—
വിന്നു, ചതിപാടുകൾ പെടുന്നജനകന്നും,
ഉന്നതസുഖസ്ഥിതികലൎന്നധികകാലം
മന്നിൽനിവസിപ്പതിനുനൽകുകവരം നീ. 6.

കാക്കകനിരാശതയിൽവീണുമതിമങ്ങി-
പ്രാക്കപെടുവാനിടവരാതെ, കനിവോടും,

നീക്കകവിപത്തുകളശേഷ, മവസാനം
ചേക്കുക'സുവൎണ്ണമണിപീഠ'സവിധത്തിൽ. 7.

രണ്ടാം രംഗം.

(തോളിൽ ഒരു ചെറിയ ഭാണ്ഡവുമായി ഒരു വഴിയാത്രക്കാരൻ പ്രവേശിച്ച്, നാലുഭാഗത്തും ചുററിനടന്നിട്ട്)– "നേരം അദ്ധരാത്രിയായി. കണ്ണിലിട്ടടിച്ചാൽ അറിയാത്ത ഇരുട്ട്. മഴയും ചാറുന്നുണ്ട്. ഒരു ഭയങ്കര രാത്രിയുടെ ലക്ഷണമാണു കാണുന്നത്. സ്വഗൃഹത്തിലെത്താൻ ഇനിയും പത്തിരുപതു നാഴികയുണ്ട്. ഈ വിജനമായ കാട്ടുപ്രദേശത്തുകൂടി ഏകാകിയായിപ്പോകുന്നത് ഒന്നുകൊണ്ടും രക്ഷയല്ല. ഇവിടെ അടുത്തൊന്നും വീടുകളും കാണുന്നില്ല. ഞാൻ എന്തുചെയ്യട്ടേ! എത്ര വലിയ കേമനും ആപത്തിലകപ്പെട്ടാൽ വലയുകതന്നേ നിവൃത്തിയുള്ളു." (പിന്നെയും. കുറേ നടന്നിട്ട്) "ഓ! ഇവിടെ അടുത്തു ഒരു മങ്ങിയ വെളിച്ചം കാണുന്നുണ്ട്. ഇവിടെ ഒന്നു ചെന്നുനോക്കുകതന്നെ." (നടന്നു, ഒരു വീട്ടിൻെറ വാതുക്കൽ ചെന്നുനിന്നിട്ട്) 'ഇവിടെ എല്ലാവരും ഉറങ്ങിയിട്ടില്ലെന്നു തോന്നുന്നു.' (ഉറക്കെ) "വീട്ടുകാരേ, വീട്ടുകാരേ, ദയവുചെയ്തു വാതൽതുറക്കണേ നിരാധാരനായ ഒരു വഴിയാത്രക്കാരൻ, ഇരുട്ടിൽനിന്നു വലയുന്നു." (അകത്തുനിന്ന്) "ആരാണതു്? ഈ അദ്ധരാത്രി ആരാണു വിളിക്കുന്നത്?"

വഴിപോക്കൻ– "ഞാനാണ് ഒരു വഴിപോക്കനാണ്. ദയവുചെയ്തു വാതൽ തുറന്നു പുറത്തുവന്നാലും."

(അകത്ത് പതിഞ്ഞ സ്വരത്തിൽ എന്തോ സംസാരം കേൾക്കുന്നു.)

(വീട്ടുകാരൻ ഒരു വിളക്കുമായി വാതൽതുറന്ന് പുറത്തുവന്നിട്ട്)– "ആരാണതു്? ആരായാലും പുറത്തുനിന്നു തണുപ്പേററിട്ടാവശ്യമില്ല. അകത്തുകടന്ന് ആശ്വസിച്ചാലും." (വഴിപോക്കൻ വീട്ടിനകത്ത് പ്രവേശിക്കുന്നു.)

വീട്ടുകാരൻ– (വഴിയാത്രക്കാരനോട്) "ഭവാനു സ്വാഗതം! (ഒരു കസാല വലിച്ചിട്ടിട്ട്) നിങ്ങൾ അതിൽ ഇരുന്നാലും. ഞാൻ ഒരു ദരിദ്രനാണ്. എങ്കിലും എൻെറ കുടിലിൽ ഏതു സമയത്തും ആക്കും പ്രവേശമുണ്ട്. താങ്കളെ അല്പനേരം തണുപ്പിൽ നിറുത്തിയതിനു മാപ്പുതരണം."

വഴിപോക്കൻ– "ഞാൻ അധികനേരം നിൽക്കേണ്ടിവന്നില്ല. നിങ്ങളുടെ ദയയ്ക്കു നമസ്കാരം. ഞാൻ എൻെറ ഈ ചെറിയ കെട്ടിനെ ഇവിടെവെക്കട്ടേ. (കെട്ടു ഒരുസ്ഥലത്തു വെച്ചിട്ട്) നിങ്ങൾ ഇരിക്കു. നിദ്രാസമയത്തുവന്നു ബുദ്ധിമുട്ടിച്ചതിനു പ്രത്യേകം ക്ഷമ ചോദിച്ചുകൊള്ളുന്നു. നിങ്ങൾ വാതൽതുറന്നില്ലെങ്കിൽ, ഞാൻ വലിയ അമ്പരപ്പിലായിരുപ്പാകുമായിരുന്നു. ഞാൻ ഒരു ദൂരദേശത്തുനിന്നു വരികയാണ്. സ്വന്തനാട്ടിലേക്കു ഇനിയും ൨൦ നാഴിക അകലമുണ്ട്. ഇവിടെ എത്തിയപ്പോൾ വളരെ ഇരുട്ടിച്ചുപോയി."

വീട്ടുകാരൻ– "അങ്ങിനെയാണോ? ഇവിടെ മിക്കദിവസവും ആരെങ്കിലും വരാതിരിക്കയില്ല. ഞങ്ങൾ പാവപ്പെട്ടവരാണെങ്കിലും, ആരു വന്നാലും കയററി താമസിപ്പിക്കു പതിവാണ്. നിങ്ങളെ വേണ്ടവിധം ഉപചരിപ്പാൻ കഴിയാത്ത ഞങ്ങളുടെ നിദ്ധനത്വത്തെ ക്ഷമിക്കുമല്ലോ."

വഴിപോക്കൻ– "അയ്യോ! അങ്ങിനെ പറയരുത്. ഇപ്പോൾ എനിക്കു കിട്ടിയിരിക്കുന്ന ഈ സുഖംതന്നെ ഞാൻ അ

---

ചിററൂർ സബ്മജിസ്ത്രേട്ടു മിസ്ററർ രാമൻ എം. ഏ. ബി. എൽ. ഒരു ബ്രാഹ്മണനെ സാക്ഷിയായി വിസ്തരിക്കയായിരുന്നു.

മജിസ്ത്രേട്ടു:– കൃത്യംനടന്നതു എത്രദൂരത്തിൽവച്ചാണ്?

ബ്രാമ്മണൻ:– ഒരീഴത്തീണ്ടൽ ദൂരത്തുവച്ച്.

മജിസ്ത്രേട്ടു:– ഈഴത്തീണ്ടൽ എന്നു പറയുന്നതു എത്ര ദൂരം വരും?

ബ്രാഹ്മണൻ:– മജിസ്ത്രേട്ടിരിക്കുന്ന സ്ഥലം മുതൽ സാക്ഷി നിൽക്കുന്ന സ്ഥലം വരെയുള്ള അകലം ഏകദേശം ഈഴത്തീണ്ടൽ ആകും.

സാക്ഷി മജിസ്ത്രേട്ടിനെ അപഹസിച്ചു മേൽപ്രകാരം പറഞ്ഞതാണെന്നുള്ള കാരണത്തെ ആസ്പദമാക്കി കോർട്ടലക്ഷ്യ കുററത്തിനു സാക്ഷിക്കു പത്തുറുപ്പിക പിഴയിടുകയുമുണ്ടായി.

ർഹിക്കാത്തതാണ്. ഞാനും ഇപ്പോൾ ഒരു മഹാ അഗതിതന്നെ. അഗതികളെ തുണയ്ക്കുന്നവരെ ദൈവവും തുണയ്ക്കാതിരിക്കയില്ല."

വീട്ടുകാരൻ– "നിങ്ങളുടെ വചനങ്ങൾ എനിക്കു ധൈര്യവും ആശ്വാസവും നൽകുന്നു. എൻെറ ദാരിദ്ര്യാവസ്ഥയെപ്പററി ഞാൻ വ്യസനിക്കുന്നില്ല. (അല്പം ആലോചിച്ചിട്ട്) ഓ! നിങ്ങൾ നന്നാ വിശന്നും ദാഹിച്ചും ഇരിക്കും. ഇവിടെ വല്ലതും ഉണ്ടോ എന്നറിയുന്നില്ല. ഞങ്ങൾ കൊററുകഴിച്ചു കിടക്കുവാൻ ഭാവിക്കയായിരുന്നു. കുഞ്ഞുങ്ങളൊക്കെ ഉറക്കമായി. ഞാൻ ഭാര്യയോടു ചോദിക്കട്ടെ."

വഴിപോക്കൻ– "വാസ്തവത്തിൽ എനിക്കു വിശപ്പുണ്ടെങ്കിലും നിങ്ങൾ ബുദ്ധിമുട്ടേണമെന്നില്ല. ഞാൻ രാത്രി എങ്ങനെയെങ്കിലും കഴിച്ചുകൊള്ളാം."

വീട്ടുകാരൻ– 'എന്നാലും അന്തിപ്പട്ടിണി കിടക്കരുതല്ലോ.' (എണീററു) "പ്രിയേ, പ്രിയേ, പുറത്തേക്കു വന്നാലും. നമ്മുടെ അതിഥിയെ സൽക്കരിക്കേണ്ടയോ?" (വീട്ടുകാരി പുറത്തേക്കുവന്ന് അതിഥിക്കു അഭിമുഖമായി നിൽക്കുന്നു. അതിഥി എഴുന്നേററു വന്ദനം പറയുന്നു.)

വീട്ടുകാരൻ– "നിങ്ങൾ അകത്തുപോയി, എന്തെങ്കിലും തയ്യാറാക്കുക. പശുവിൻെറ അകിടു ഞെക്കിനോക്കിയാൽ, അല്പം പാലുകിട്ടാതെ വരികയില്ല. റൊട്ടി കുറച്ചെങ്കിലും ഉണ്ടാകുമല്ലോ."

ഭാര്യ– (പുഞ്ചിരിയോടുകൂടി) "ഞാൻ കാപ്പിയും റൊട്ടിയും തയ്യാറാക്കിക്കഴിഞ്ഞിരിക്കുന്നു. ആളെ അകത്തുനിന്നു കണ്ടപ്പോൾതന്നെ ക്ഷീണിച്ചിരിക്കുന്നു എന്നു എനിക്കു തോന്നി. ഞാൻ പുറത്തേക്കുവരാൻ താമസിച്ചതു്, കാപ്പി തയ്യാറാക്കാൻ വേണ്ടിയാണ്."

വഴിപോക്കൻ (കൃതജ്ഞതയോടുകൂടി രണ്ടുപേരുടെയും മുഖത്തു നോക്കിയിട്ട്) "അയ്യോ! നിങ്ങളുടെ ഔദാര്യവും ആർദ്രശീലവും അസാധാരണംതന്നെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ എന്നുമാത്രമെ എനിക്കു പറവാൻ ശക്തിയുള്ളു."

(വീട്ടുകാരി, പോയി കാപ്പിയും റൊട്ടിയും മേശപ്പുറത്തു കൊണ്ടുവന്നുവെച്ച്)– "ഇനി നിങ്ങൾ ഇതു കഴിച്ചാലും. ദാഹം ശമിപ്പാൻ മാത്രമേയുള്ളു. എന്തു ചെയ്യാം! ഞങ്ങൾ നന്നാ ദരിദ്രരാണ്. എങ്കിലും, ഞങ്ങളുടെ നല്ലമനസ്സിനെ മാത്രം നിങ്ങൾ ഗണിച്ചാൽമതി."

(വഴിപോക്കൻ കാപ്പിയും പലഹാരവും കഴിക്കുന്നു.)

വീട്ടുകാരൻ– "പ്രിയേ! കുട്ടികൾ ഉറക്കമായോ? അവക്കു നമ്മുടെ അതിഥിയെ കാണ്മാൻ കഴിഞ്ഞില്ലല്ലോ!"

ഭാര്യ– "ഓ, അവർ നല്ല ഉറക്കമായിരിക്കുന്നു. ഇപ്പോൾ വിളിച്ചുണർത്തിയാൽ ലഹളയാകും."

വഴിപോക്കൻ– "വേണ്ട, വേണ്ട, പാവപ്പെട്ട കുഞ്ഞുങ്ങൾ! അവർ ഉറങ്ങിക്കൊള്ളട്ടെ. എനിക്കു അവരെ കാണ്മാൻ ആഗ്രഹമുണ്ട്. നാളെയാവാം. നിങ്ങൾക്കു എത്ര കുട്ടികളുണ്ട്?

വീട്ടുകാരൻ– "ഞങ്ങൾക്കു നാലു കുട്ടികളുണ്ട്. ആദ്യത്തേയും മൂന്നാമത്തേയും ആൺകുട്ടികളും ശേഷം രണ്ടുപേർ പെൺകുട്ടികളുമാണ്. എല്ലാവരും പഠിക്കുന്നുണ്ട്. ജൂലിയയും ഐസയും സെൻറ് ട്രീസാസ്സ് കോൺവൻറിലാണു പഠിക്കുന്നതു്. ആൺകുട്ടികൾ രണ്ടുപേരും മിഷ്യൻ പള്ളിക്കൂടത്തിലും പഠിക്കുന്നു. ഈ കൊല്ലംവരെ ഒരുവിധം ഞെരുങ്ങിക്കഴിച്ചു. അടുത്ത കൊല്ലം എന്തുചെയ്യുമെന്നറിഞ്ഞുകൂടാ. പണംകൈയിലില്ലാത്തതുകൊണ്ടുള്ള പ്രയാസമാണു."

വഴിപോക്കൻ– "ങ്ഹാ! നിങ്ങൾക്കത്ര ബുദ്ധിമുട്ടാണോ? നിങ്ങൾക്കെന്താണു പ്രവൃത്തി?"

വീട്ടുകാരൻ– "അയ്യോ! അതു പറയേണ്ട. ഞാൻ ഒരു കൈത്തൊഴിൽക്കാരനാണ്. എൻെറ വരവുനോക്കിയാൽ, ഒരു വിടു പട്ടിണികൂടാതെ കഴിച്ചുകൂട്ടാൻതന്നെ ഞെരുക്കം. ദൈവം എല്ലാം നടത്തുന്നു എന്നേയുള്ളു"

വഴിപോക്കൻ– "നിങ്ങളുടെ ദൈവവിശ്വാസം നിങ്ങളെ രക്ഷിക്കാതിരിക്കയില്ല."

(വീട്ടുകാരി, ഉറക്കംതൂങ്ങുന്നു. ഇതുകണ്ടു വഴിപോക്കൻ)– "നേരം വളരെയായിരിക്കുന്നു. ഇനി നമുക്കു ഉറങ്ങുകതന്നെ. രാവിലെ കാണാം."

വീട്ടുകാരൻ— "എന്നാൽ അങ്ങിനെ യാകട്ടെ. നിങ്ങൾക്കു ആ കാണുന്ന വൈക്കോൽ കിടക്കമേൽ കിടക്കാം. ഇവിടെ ഇതിലും വിശേഷമായ കിടക്കയൊന്നും ഇല്ല വന്ദനം!!!

വഴിപോക്കൻ— "ഓ! ഇതു ധാരാളം മതി. നിങ്ങൾക്കു രണ്ടുപേക്കും വന്ദനം!!

(രണ്ടാം രംഗം കഴിഞ്ഞു.)

# ഈശോയുടെ തിരുഹൃദയപൊതുനിയോഗവും, കാരുണ്യങ്ങളും

൧. "സ്കൂളുകളിലും കോളേജുകളിലും സെമിനാരികളിലും ജപപ്രേഷക സംഘം സ്ഥാപിക്കുക.



ജപത്തിൻെറ അപ്പൊസ്തോലാത്തുസ് എന്നു സാധാരണ പറയപ്പെടുന്ന ഭക്തികൃത്യം ശ്ലീഹന്മാക്കടുത്ത ഒരു വേലയാണ്. ദൈവവചനം പ്രസംഗിക്കയും പാപികളുടെ മാനസാന്തരത്തിനായി ദൈവത്തോടു പ്രാൎത്ഥിക്കയും ചെയ്യുന്നതു് അപ്പൊസ്തോലാത്തുസ് അഥവാ പ്രേഷകത്വമാണ്. ശ്ലീഹന്മാർ ദൈവവചനംപ്രസംഗിക്കുന്നതിലും ജപത്തിലും മുഖ്യമായി ഉദ്യോഗപ്പെട്ടിരുന്നുവെന്നു ശ്ലീഹന്മാരുടെ നടപടിപുസ്തകത്തിൽ പറയപ്പെട്ടിരിക്കുന്നു. എന്നാൽ വേദപ്രസംഗം നടത്തുവാൻ എല്ലാവരെക്കൊണ്ടും സാധിപ്പാൻ പ്രയാസമുണ്ടെങ്കിലും, ജപംകൊണ്ടുള്ള പ്രേഷകത്വം നടത്തുവാൻ എല്ലാവൎക്കും കഴിയും. ഈ ഭക്തികൃത്യം പലരും നടത്തിവരുന്നുമുണ്ടു്. ഇതു പൂൎവ്വാധികം വൎദ്ധിച്ചു വരേണമെന്നും, പ്രത്യേകം സ്കൂളുകളിലും, കോളേജുകളിലും, സെമിനാരികളിലുംഏൎപ്പെടുത്തണമെന്നും നമ്മുടെ പരിശുദ്ധ പിതാവു് അഗ്രഹിക്കുന്നു. ഇപ്രകാരം ജപപ്രേഷകത്വം പ്രബലപ്പെടുവാനായി തിരുഹൃദയ ഭക്തന്മാർ പ്രാൎത്ഥിക്കേണ്ടിയിരിക്കുന്നു.

൨. നമ്മുടെ കൎത്താവിൻെറ തിരുഹൃദയകാരുണ്യങ്ങൾ.

വാഴക്കുളം— വിഷബാധയിൽ നിന്നും ൧൦ വയസ്സു പ്രായമുള്ള ഒരു മാന്യൻ രക്ഷപ്രാപിക്കയുണ്ടായി.

ചെറുവാണ്ടൂർ— എം. എം ജെ. എന്നൊരാൾ ദീൎഘനാളായി ദീനത്തിൽ കിടന്നിരുന്നു. രോഗി, തിരുഹൃദയസഭയിൽ ചേരുകയും, കുടുംബം പ്രതിഷ്ഠിക്കയും ചെയ്യുതിനോടുകൂടെ സൌഖ്യപ്പെട്ടു.

മുണ്ടക്കയം— ഒരു മാന്യയുടെ സുഖപ്രസവത്തിനു അവർ നന്ദിപറയുന്നു

ഇവരെല്ലാവരും വിവരം കൎമ്മെലകുസുമത്തിനെഴുതി അയച്ചുകൊള്ളാമെന്നു നേൎന്നിരുന്നവരാണ്.

---

വത്തിക്കാനിലെ ജപ്പാൻ സ്ഥാനപതിയുടെ സെക്രട്ടറി മിസ്റ്റർ ഷിനോഷ ഈയിടെ മാനസാന്തരപ്പെട്ടതായി പത്രങ്ങളിൽ പലരും വായിച്ചിരിക്കുമല്ലൊ. ജപ്പാനിലെ വിദേശകാൎയ്യമന്ത്രിയായിരുന്ന മിസ്റ്റർ മൊട്ടോനൊ കത്തോലിക്കാമതം സ്വീകരിച്ചതായി അറിയുന്നു. ഇദ്ദേഹത്തിൻെറ പ്രത്യേകാപേക്ഷപ്രകാരം സ്വപുത്രൻ തന്നെയാണ് ജ്ഞാനസ്നാനകൎമ്മം നടത്തിയതു്. ഇപ്പോൾ, പൌരസ്ത്യ രാജ്യങ്ങളിലെ നായികയെന്ന നിലയും കഴിഞ്ഞു, ഭൂലോക മഹാശക്തികളിൽ ഒന്നായിത്തീൎന്നിരിക്കുന്നതും, ഇന്ത്യാക്കാരുടെ പ്രത്യേക ശ്രദ്ധാപാത്രമായിരിക്കുന്നതുമായ ജപ്പാനിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന മാനസാന്തരങ്ങൾസൎവ്വഥാ ശുഭോദൎക്കംതന്നെ!

# വൃത്താന്തശകലങ്ങൾ.

ചങ്ങനാശേരിൽ ഔദ്യോഗികമായി ഒരു വേദപ്രചാരസംഘം സ്ഥാപിതമായിരിക്കുന്നതായും, തൽസംബന്ധമായി മെത്രാനച്ചൻ തിരുമനസ്സിലെ ആദ്ധ്യക്ഷ്യത്തിൽ അസിസ്റ്റൻറു ഡയറക്ടറന്മാരുടെ ഒരു കോൺഫറൻസ്സ് നടന്നതായും അറിഞ്ഞു് ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു. കൂടുതൽ വിവരം വഴിയെ.

* * *

മദ്രാസിൽ ട്രിപ്ളിക്കെയിനിലെ ഗവൺമെൻറു ട്രെയിനിങ്ങ് സ്കൂൾ ഹെഡ് മിസ്ട്രസ് മിസ്സ് എം. പ്രെയിജർ അവർകൾ ബി. എ; എൽ. ടി. കഴിഞ്ഞ മാസത്തിൽ മാനസാന്തരപ്പെട്ടിരിക്കുന്നു.

* * *

ബോംബേ നഗരവാസിയായ ലഫ്റ്റനൻറ് ആൻവർഖാർ എം. ബി. ബി. എസ്സ്; ഐ എം. എസ്. എന്ന മഹമ്മദീയ ഡാക്ടരും, പ്രസിദ്ധ വാഗ്മിനിയായ അമേരിക്കയിലെ ഡാക്ടർ ആൻമാവിപവ്വൽ എം. ഏ; ഡി. പി എച്ച്; എൽ. എൽ. ബി; എം. യൂ എസ്. ബി അവർകളും ഇയ്യിടെ കത്തോലിക്കാ തിരുസഭയിൽ ചേർന്നതായിക്കാണുന്നു.

യുദ്ധം ആരംഭിക്കുന്നതിനു മുമ്പ്, ഒരു കൎണ്ണലായിരുന്ന മാൎഷൽ പെറേറയ്ക്കിനു, ഫ്രഞ്ചു നിരീശ്വര ഗവൎമ്മേണ്ടു് ഒരുത്തരവ് അയക്കയുണ്ടായി. അതിനു ധീരോദാത്ത യോദ്ധാവും ഉത്തമ കത്തോലിക്കനുമായ കൎണ്ണൽ അയച്ച മറുപടി രസകരമാണ്.

ഗവൎമ്മേണ്ടു്:- "നിങ്ങളുടെ സൈന്യവകുപ്പിൽ നിന്നും ഏതാനും ഉദ്യോഗസ്ഥന്മാർ സൈനിക വസ്ത്രം ധരിച്ചു കുർബാന കാണ്മാൻ പോകുന്നതായി അറിയുന്നു. അതു നിയമലംഘനമാകയാൽ അനുവദിപ്പാൻ പാടില്ലാത്തതാണ്. അതുകൊണ്ടു അവരുടെ പേരുവിവരം കുറിച്ചയക്കണം"

കൎണ്ണൽ:- ഏതാനും ഉദ്യോഗസ്ഥന്മാർ സൈനികവസ്ത്രധാരികളായി കുർബാന കാണ്മാൻ പോകുന്നുണ്ടെന്നുള്ളതു ശരിതന്നെ. കൎണ്ണലും അവരിൽ ഒരാളാണ്. അയാൾ മുൻനിരയിൽ മുട്ടുകുത്തിനിൽക്കുന്നതുകൊണ്ടു പിറകിൽ നിൽക്കുന്നവരാരെല്ലാമാണെന്ന് അയാൾക്കു നിശ്ചയമില്ല.

---

# ഏല്ലാവരും അറിവാൻ.

1. അടുത്ത ഡിസംബർ മാസത്തോടേ പരിഷ്കരിച്ചു തുടങ്ങിയ കുസുമത്തിൻെറ ഒരു വാല്യം പൂൎത്തിയാകുന്നതാണല്ലോ. അതിനു മുമ്പേ, കടിശ്ശികയുള്ള എല്ലാ വരിക്കാരും പണം കണിശമായി അടച്ചിരിക്കേണ്ടതാണ്. എത്രയും നിസ്സാരവരിസംഖ്യയായ ഒരു രൂപാ അടച്ച്, ഞങ്ങളെ പ്രോത്സാഹിപ്പിക്കയും, വരിക്കാരുടെ കടം തീൎക്കുകയും ചെയ്യാതിരിക്കയില്ലെന്നാണു ഞങ്ങളുടെ വിശ്വാസം.

2. രണ്ടാമതടിച്ച ജനുവരി ലക്കത്തിൻെറ ഏതാനും പ്രതികളും, മെയ് തുടങ്ങി നാളതുവരെയുള്ള ഏതാനും ലക്കങ്ങളും ഇവിടെ വില്പനയ്ക്കുണ്ട്. ആവശ്യമുള്ളവർ ഉടനെ അപേക്ഷിക്കേണ്ടതാണ്.

3. ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, ഈ മൂന്നു മാസങ്ങളിലേയും പ്രതികൾ വിലകൊടുത്തു വാങ്ങാൻ ഇവിടെ തയ്യാറുണ്ട്. ഉള്ളവർ അറിക്കണം.

4 അടുത്ത വൎഷം മുതൽ മാസികക്കു ഇനിയും പല പരിഷ്കാരങ്ങളും ഏൎപ്പെടുത്തുന്നതിനു ഞങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ആവശ്യക്കാർ ഇപ്പഴേ വിവരമറിയിക്കുന്നതു നന്നായിരിക്കും.

എന്നു്, മാനേജർ.

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം . ൭      [Syriac text]      ഏപ്പകത്തി ൨൩.

## ൧൮൯൩ നവംബർ — ൧൦൬൯ തുലാം — വൃശ്ചികം.

| | | | | |
|---|---|---|---|---|
| 1 | 15 | ശ | ✠ സകല ശുദ്ധമാക്കപ്പെട്ടർ ന. കു. പെ. ... | വെ. |
| | | | ന. ക. തി. ഏ. സഭ അമ. സഭ. പൂൎണ്ണദണ്ഡവിമോചനം. | |
| | | | പ്ലാശനാൽപള്ളിയിൽ വി. ത്രേസ്യാപുണ്യവതിയുടെ ദൎശനത്തിരുനാൾ. | |
| 2 | 16 | ഞാ | ✠ പന്ത. ൨൧-ാം ന. കു. ആ. [Syriac] | വെ. |
| 3 | 17 | തി | സകല മരിച്ചവർ ന. ആ. കു. പെ. ... | ക. |
| | | | ന. ക. തി. ഏ. സ. ശുദ്ധി. ആ. പൂ. ദ. വി. സ്വയംവര ദ. വി. | |
| 4 | 18 | ചൊ | † അ. മെ൪. ഹില്ലാരിയോൻ ന. ആ കു. പെ. ... | വെ |
| 5 | 19 | ബു | † വി. സ്കൂറിയാ ന. ആ. കു. പെ | വെ. |
| 6 | 20 | വ്യാ | സകല ശുദ്ധമാക്കപ്പെട്ടവർ ഏം. ന. കു. പെ. ... | വെ. |
| 7 | 21 | വെ | സകല ശുദ്ധമാക്കപ്പെട്ടവർ ഏം. ന. ആ. കു. പെ. .. | വെ. |
| 8 | 22 | ശ | സകല ശുദ്ധമാക്കപ്പെട്ടവർ ഏട്ടാ. ന. ആ. കു. പെ. ... | വെ. |
| 9 | 23 | ഞാ | ✠ പ. ൨൨-ാം ദിവ്യ. രക്ഷ. പള്ളി. ക്രൂദാശ. ന. ആ. കു. പെ. | വെ. |
| | | | [Syriac] | |
| 10 | 24 | തി | വേ ത്രുമ്പാ ക്രൂട്ട ന. ആ കു. പെ. ... | ച്യ. |
| 11 | 25 | ചൊ | അ. മെ൪. മത്തി. ന. ആ. കു. പെ. ... | വെ. |
| 12 | 26 | ബു | പാ. വേദ മത്തി. ന. ആ. കു. പെ. ... | ച്യ. |
| 13 | 27 | വ്യാ | † മെ൪. സുനി. ന. ആ. കു. പെ. ... | വെ. |
| 14 | 28 | വെ | † മെ൪ അന്ത്രയോസു (ഈ. ൧൦) ന ആ കു. പെ. | വെ. |
| 15 | 29 | ശ | † ക. ജെർത്രൂ ന. ആ. കു. പെ. ... | വെ. |
| 16 | 1 | ഞാ | † ✠ പന്ത ൨൩-ാം ന. കു. ആ. [Syriac] | വ. |
| 17 | 2 | തി | മെ൪. ഗ്രിഗോരി പ്രത്യ. ന. ആ. കു. പെ. ... | വെ. |
| 18 | 3 | ചൊ | പത്രോസു പൌലോസു പള്ളിക്രൂദാശ ന. ആ. കു. പെ. | വെ. |
| 19 | 4 | ബു | പാ വേദ പൊന്തി. ന. ആ. കു. പെ. ... | ച്യ. |
| 20 | 5 | വ്യാ | † മെ൪. ഫീലി. ന. ആ. കു. പെ. ... | വെ |
| 21 | 6 | വെ | ക. മറി ദേവാ. പ്ര. ന. ആ. കു. പെ. ... | വെ. |
| 22 | 7 | ശ | ക. വേദ ചിച്ചി. ന. ആ. കു. പെ. ... | ച്യ. |
| 23 | 8 | ഞാ | ✠ പന്ത. ൨൪-ാം ഞാ. ന. കു. ആ. [Syriac] | വ. |
| 24 | 9 | തി | † മെ൪. യോഹ. ക്രൂ. ന. ആ. കു. പെ. ... | വെ. |
| 25 | 10 | ചൊ | ക. വേദ കത്രീ. ന ആ. കു. പെ. ... | ച്യ. |
| 26 | 11 | ബു | വേദ പത്രോ. അലക്സാ. ന. ആ. കു. പെ. ... | ച്യ. |
| 27 | 12 | വ്യാ | വേദ ക്രിസോ. (ഈ. ൨൪) ന. ആ കു. പെ. | ച്യ. |
| 28 | 13 | വെ | † മെ൪. ലെയൊ. (ഈ. ൨൩) ന. ആ കു. പെ. ... | വെ. |
| 29 | 14 | ശ | അന്ത്രൂ. ശ്ലീ. ത. ന. ആ. കു. ത. ... | റോ. |
| | | | എ. ഭാ. ക. മറി. അമലോത്ഭവ നവനാൾ തുടങ്ങുന്നു. | |
| 30 | 15 | ഞാ | ✠ ആഗ ൧-ാം ഞാ. ന. കു. ആ. [Syriac] | റോ. |

നമ്മുടെ കൎത്താവിന്റെ പിറവിത്തിരുനാളിന്നു ആസ്സപ്പാടായി ൪൦ നന്മനിറഞ്ഞമറിയം പ്രതിദിനം ജപിച്ചു കാഴ്ചവെയ്ക്കു എന്ന ഭക്തകൃത്യം ഇന്നു ആരംഭിക്കുന്നു.

ഇന്നു പാതിരാവിൽ ൨൫ നോമ്പു തുടങ്ങും.

Printed and Published for the Proprietor, by A P. Mani at St. Joseph's Press, Mannanam.

# NOTICE.

Coloured Oleograph Pictures:- We have just received a large consignment of different varieties of Oleograph pictures as. S. H. of Jesus B. V. Mary (in different varieties) St. Joseph, Holy Family, St. Antony etc., etc., in the following sizes.

10x8 doz. Re. 1; 17x13 doz. Rs. 3; 20x16 doz. Rs. 6; 25x18 each Re. 1-; 29x22 each Re. 1. 12 0.

Prayer book pictures at Rs. 2-4; Mourning pictures at Rs. 2- 8; per 100.

Scapulars:- Black scapular of Mt Carmel sup. Rs. 4-12 Inf. Rs. 4-4 per gross. Blue scapular Rs. 6; our Lady of Dolours scapular at Rs. 5 per gross

Medals:- Scapular medals Aluminium square and round As. 12 and 6 per doz. In silver Re. 1-4 and As. 10 each. Other sorts, Our Lady of Health St. Antony, St. Joseph, B. V. M., Ecce Homo. St. Aloysius, Etc., in oval and round big size doz. As. 9 small doz. As. 7.

| | | |
|---|---|---|
| Rosaries:- Ash colour Koraiseed Inf. doz. Rs. 1-10, Sup. doz. Re. | | 1-12 |
| Black Cana seed | ,, | 1-12 |
| Porcelain Beeds, Black, Blue, & Green | ,, | 1-10 |
| Imitation Pearl, White & Red | ,, | 2- 0 |
| Our Lady of Dolours Rosary | ,, | 5- 0 |
| Blessed sacrament Rosary of 33 Beads | ,, | 1-12 |

Fully coloured Statues:- Sacred Heart, Bl. Virgin, Lourdes, St. Joseph 8" height Rs. 2-0

| | | |
|---|---|---|
| | 12" | 4-8 |
| Wooden Cross to hang | 18" | 1-4 |
| | 8" | 2-0 |
| | 12" | 3-0 |

Coloured Plaster Statues.

| | | | |
|---|---|---|---|
| Xmas Cribs Statues | 6" | set of three | 3 0 0 |
| do | 8" | do | 4 8 0 |
| do | 10" | do | 7 0 0 |
| do | 12" | do | 15 0 0 |

Infant Jesus alone.

4"- 6"- 7½" and 10" at Re. 1-0-0, 1-8-0, 2- 8- 0, 5-0-0,

Kneeling Angels for Cribs.

6" Rs. 2-8-0, and 8" Rs. 4-0-0 a pair.

Ordinary Statues.

S. H. Jesus, B. V. Mary, St. Joseph, St. Antony, Lady of Loudes, St. Sebastian, St. Roch etc., 9" at Re. 1- 8- 0 each and 12" Rs, 3- 8- 0 each.

Varnished coloured pictures, of Views, sceneries, and beauties.

| | 10x8 | 14x6 | 15x11 | 20x16 |
|---|---|---|---|---|
| Doz. | 2-0-0 | 2-4-0 | 2-4-0 | 0-12-0 each. |

Black and white pictures: with fine embossed borders.

15x11 and 16x12 at Rs. 4-0-0 per doz.

Season Motoes & scripture Texts with Floral designs.

| | 10x8 | 12x10 | 16x12 | 20x16 |
|---|---|---|---|---|
| Doz. | 1-4-0 | 2-8-0 | 5-0-0 | 10-0-0 each. |

Picture Post Card: of Views beauties and love scenes.

doz. 1-0-0. 1-2-0. 1-8-0.

Just Arrived. Look Sharp.

Pictorial Calendars 1920

X'mas and New year Cards,

Embossed, Relief Calendars Pictures (French and Swiss make)

as. 8, 10 as., 12 as., Re. 1 each. 12 assorted collection for Rs. 8 0 0

Ordinary thick Board Calendar Pictures:-

Christian, Views and Beauties of assorted sizes 2, 4, 6, 8, and 10 as., each 12 assorted at Rs. 3 - 8 - 0.

Hanging Pictorial Wall Calendars, 4, 6, 8 and 12 as., 12 assorted at Rs. 5.

Coloured and Varnished Religious pictures, Scripture Texts and Xmas Motoes on thick Board, Daily Tear of Blocks, Monthly Pads, Pocket Diaries, Blotting Pads etc.

Xmas and New Year Cards.

Ordinary Post Cards Doz. 0- 9- 0, Superior glazed Doz. Rs. 2- 0- 0.

The "Popular", "Louis", "Ideal", "Record" in packets of 6 & 10 @ 0- 8- 0, 1-0-0, 1-8-0, 2-0-0, 4-0-0.

Superior single cards 4, 6, 8, 10 and 12 as. each.

Detailed list can be had on application

**All orders are executed by V. P. P.**

Special discounts will be given to Bonafide buyers. Packing and Postage extra.

Prices are subject to the fluctuation of the Market.

T. Louis & Co.

General Merchants,

Big Bazaar St., Trichy.

Regd. No. M. 365. Registered No. T.


പ്രത്യേകം ഓൎക്കുക "എബ്രഹാം വൈദ്യന്റെ" വ്യാജങ്ങളെ.

# ഗൎഭരക്ഷാഗുളിക.

## സ്ത്രീലോകത്താൽ ആദരിക്കപ്പെട്ട ഒരു സിദ്ധൗഷധം.

### ഇരുപതാം നൂറ്റാണ്ടിലെ ഒരനുഗ്രഹം.

ഗൎഭസ്ത്രീകളുടെ നാനാവിധ അസ്വാസ്ഥ്യങ്ങൾക്കും ശീഘ്രവും സുഖകരവുമായ പ്രസവത്തിനും ശിശുവിന്റെ ആരോഗ്യരക്ഷക്കും ഒരനുഗ്രഹമെന്ന പാശ്ചാത്യ ഡാക്ടറന്മാരാലും പൌരസ്ത്യ വൈദ്യശിരോമണികളാലും മറ്റു മഹാന്മാരാലും, അനുഭവത്താൽ സമ്മതിക്കപ്പെട്ട എബ്രഹാം വൈദ്യന്റെ ഈ ഗുളികകൾ ഉള്ളപ്പോൾ മഹിളകൾ എന്തിനു ദുഃഖിക്കുന്നു?

മറ്റു പേരുകളിലുള്ള അനുകരണങ്ങളാൽ വഞ്ചിക്കപ്പെടാതെ സൽകീൎത്തിയും അത്ഭുതവും കീൎത്തിപ്പെട്ടതുമായ എബ്രഹാം വൈദ്യന്റെ ഗൎഭരക്ഷാഗുളികകൾ വാങ്ങി പ്രസവത്തെ ലഘൂകരിക്കുന്ന പ്രശസ്തഗുണമനുഭവിപ്പിൻ!!

ഗുളികയുടെ സീമാതീതമായ ഫലത്തെപ്പററി അനുഭവത്താൽ പ്രശംസിച്ച ചില സംസ്ഥാനത്തിലെ ഏററവും പ്രധാനപ്പെട്ട ചില ഭിഷക്കുകളുടേയും മഹാന്മാരുടേയും പേരുകൾ പുതിയതായി ഗുളിക വാങ്ങുന്നവരുടെ തൃപ്തിക്കായി താഴെ ചേൎത്തുകൊള്ളുന്നു.

മിസ്സസ് ലൂക്കോസ്, (ഡാക്ടർ മേരി പുന്നൻ ലൂക്കോസ് ബി. ഏ; എം. ബി. ബി. എസ്സ്. ലണ്ടൻ. എൻ. എം. റൊട്ടുണ്ടാ, ലേഡി സൎജൻ തിരുവിതാംകൂർ.) ഡാക്ടർ എസ്. വെങ്കിട്ടസ്വാമിനായിഡു സൎജൻ, ബ്രഹ്മശ്രീ വയസ്കര ആര്യൻ നാരായണൻ മൂസ്; ഡാക്ടർ എസ്. രാമസ്വാമി അയ്യർ ബി. എ. എം. ബി. സി. എം., ഡാക്ടർ കെ. സി. കുര്യൻ ബി. എ. എം. ബി. സി. എം., സി. അന്തപ്പായി അവർകൾ ബി. എ., കെ. സി. മാമ്മൻമാപ്പിള അവർകൾ ബി. ഏ. മനോരമ പത്രാധിപർ.

Apply only to:—
E. W. Abraham, Physician,
Medical Hall, Palace Road, Alleppey.

വൈദ്യൻ ഇ. ഡബ്ളിയു. എബ്രഹാം.
മെഡിക്കൽഹാൾ,
കൊട്ടാരപ്പാലത്തിനുസമീപം, ആലപ്പുഴ



## ഈ തുലാം ൧൦-ാംനു ഫ്രെസ്സ് കുറി നറുക്കെടുക്കും.

ഇനി എഴുപത്തഞ്ചു നറുക്കുകൾ ബാക്കിയുണ്ട്. അതുകൊണ്ട് ചേരുവാൻ താല്പൎയ്യമുള്ളവർ ഉടൻ പണം മണിയോർഡർ ചെയ്തു കുറിരസീതു വാങ്ങുവിൻ. ഇതിൽ അനേകം ഉദ്യോഗസ്ഥന്മാരും ധനവാന്മാരും വക്കീലന്മാരും ബ. വൈദികന്മാരും നറുക്കുകൾ ചേൎന്നിരിക്കുന്നു. ഇതിൽനിന്നുണ്ടാകുന്ന ആദായം ധൎമ്മചികിത്സക്കാണ്.

ഏ. നമ്പ്ര് നറുക്കു 1—ക്കു 2 ക. യും 100 ക. സമ്മാനവും,
ബി. നമ്പ്ര് 1—ക്കു 1 ക. യും 50 ക. സമ്മാനവും.

മാസംതോറും നടത്തി 50 മാസംകൊണ്ടു കുറി അവസാനിക്കുന്നതും, മാസംതോറും നറുക്കു കിട്ടുന്നവൎക്കു മേൽപറഞ്ഞ സംഖ്യ കിട്ടുന്നതും അവർ പിന്നെ കുറിയിൽ പണം വെക്കേണ്ട ആവശ്യം ഇല്ലാത്തതുമാണ്. ശേഷമുള്ള എല്ലാനറുക്കുകാൎക്കും മേല്പറഞ്ഞ സംഖ്യ ൫൦-ാമത്തെ മാസത്തിൽ കിട്ടുന്നതാകകൊണ്ട് ചേരുന്നവൎക്കു യാതൊരു നഷ്ടവും ഇല്ല. അല്പാല്പമായിട്ടു വലിയ സംഖ്യ സമ്പാദിക്കയും ചെയ്യാം. ഇതിൽ പിരിയുന്ന പണം റജിസ്റ്റർ ചെയ്ത ബേങ്കുകളിലും കുറിയിൽ ചേൎന്നിട്ടുള്ളവരിലും മററും സൂക്ഷിപ്പാനായി നിറുത്തുന്നതുകൊണ്ടു യാതൊരു വീഴ്ചയും വരുന്നതല്ല. ഉടനെ ബ്രിട്ടീഷ് തപാൽവഴിക്കു ആവശ്യപ്പെടുവിൻ.

ഇ. പി. ജോസഫ് വൈദ്യർ,
ആയുൎവ്വേദ വൈദ്യശാല ഉടമസ്ഥൻ
ഇല്ലോശ്ശേരി. S. മലബാർ.